KERALA
**FILM POLICY**
CONCLAVE
നല്ല സിനിമ നല്ല നാളെ

സാംസ്കാരിക കാര്യ വകുപ്പ്



# കേരള ചലച്ചിത്ര നയ രൂപീകരണത്തിനുള്ള ചർച്ചാരേഖ

# ജനാധിപത്യത്തിലൂന്നി പങ്കാളിത്തത്തിലൂടെ കേരള ചലച്ചിത്ര നയം

## കേരള ചലച്ചിത്ര നയ
## രൂപീകരണത്തിനുള്ള
# ചർച്ചാരേഖ

സാംസ്കാരിക കാര്യ വകുപ്പ്

KERALA
FILM POLICY
CONCLAVE

**Kerala Film Policy Conclave 2025**

**DISCUSSION NOTES**

Printed and Published by
**Managing Director**
**Kerala State Film Development Corporation Ltd.**
and
**Secretary**
**Kerala State Chalachitra Academy**
on behalf of **Department of Cultural Affairs**,
**Government of Kerala**

Book design, layout and
word processing: Push360 LLP, Palakkad

Printed at
Orange Printers Pvt. Ltd. Thiruvananthapuram

# മുഖവുര

സിനിമാമേഖലയിലെ വിവിധ സംഘടനകളുമായി നയരൂപീകരണ കമ്മറ്റി നടത്തിയ ചർച്ചകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ മാത്രമാണ് ഈ ചർച്ചാക്കുറിപ്പുകളിൽ ക്രോഡീകരിച്ചിട്ടുള്ളത്. തുടർ ചർച്ചകൾക്കായി ഈ കുറിപ്പുകൾ സമർപ്പിക്കുന്നു.

# ഉള്ളടക്കം

07 മലയാളസിനിമയിൽ ലിംഗനീതിയും ഉൾക്കൊള്ളലും

12 തൊഴിൽ, കരാർ, പണിയിടം

17 നിയമപരമായ ചട്ടക്കൂടുകളും സന്തുലിതമായ പരാതി പരിഹാര സംവിധാനവും

21 നാളെകളിലെ സാങ്കേതികവിദ്യയും നൈപുണ്യ വികസനവും

27 സബ് പാനൽ- പ്രാദേശിക കലാകാരന്മാരെയും മലയാളത്തിലുള്ള സ്വതന്ത്ര സിനിമയെയും ശാക്തീകരിക്കൽ

32 തിയേറ്ററുകൾ, ഇ-ടിക്കറ്റിംഗ്, വിതരണക്കാർ, പ്രദർശകർ: മലയാള സിനിമയുടെ തിയേറ്റർ രംഗത്തിന്റെ കാര്യക്ഷമതയ്ക്കുള്ള വിപണി അധിഷ്ഠിത പരിഷ്കാരങ്ങൾ

37 സുഗമമായ ചലച്ചിത്ര നിർമ്മാണവും സൗകര്യമൊരുക്കലും

43 സിനിമാ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും പൈതൃക ആർക്കൈവുകളുടെ വികസനവും

48 ഫിലിം ടൂറിസം, സോഫ്റ്റ് ഇക്കണോമിക് പവർ, ആഗോളവ്യാപകമായ നിർമാണം എന്നിവയ്ക്കായി മലയാള സിനിമയെ ഉപയോഗപ്പെടുത്തുക

52 ചലച്ചിത്ര വിദ്യാഭ്യാസവും സമൂഹ പങ്കാളിത്തവും- ചലച്ചിത്രമേളകൾ, ഫിലിം സൊസൈറ്റികൾ എന്നിവയുടെ പങ്ക്

KERALA
FILM POLICY
CONCLAVE
നല്ല സിനിമ നല്ല നാളെ

# മലയാളസിനിമയിൽ ലിംഗനീതിയും ഉൾക്കൊള്ളലും



## മലയാളസിനിമയിൽ ലിംഗനീതിയും ഉൾക്കൊള്ളലും

### ആമുഖം

വൈവിധ്യമാർന്ന കഥകളും ജീവിതഗന്ധിയായ ആഖ്യാനങ്ങളും മലയാള സിനിമയെ ലോകത്തിന്റെ മുന്നിൽ തന്നെ സവിശേഷമാക്കിയിട്ടുണ്ട്. അതേസമയം മലയാള സിനിമയുടെ പിന്നാമ്പുറത്ത് അടിയന്തരമായി പരിഹാരം ആവശ്യമായ ചില പ്രശ്നങ്ങൾ ബാക്കി നിൽപ്പുണ്ട്

- സ്ത്രീകൾക്കും LGBTQIA+ വ്യക്തികൾക്കും മറ്റു പാർശ്വവത്കരിക്കപ്പെട്ടവർക്കും അനുഭവിക്കേണ്ടി വരുന്ന വിവേചനവും സുരക്ഷിതത്വമില്ലായ്മയും
- സിനിമയുടെ ശ്രേണി സൃഷ്ടിക്കുന്ന അധികാര രൂപങ്ങളുടെ അമിത നിയന്ത്രണം
- താഴേത്തട്ടിലുള്ള ജീവനക്കാരുടെ ശബ്ദം കേൾക്കപ്പെടാത്ത അവസ്ഥ

**ശിപാർശകൾ:**

### 1. സുരക്ഷിതവും നീതിപൂർവവുമായ തൊഴിലിടങ്ങൾ

സിനിമാ സെറ്റുകൾ പലതരത്തിലുള്ള  സമ്മർദ്ദവും കർശന അധികാരവുമുള്ള സ്ഥലങ്ങളാണ്. അതിനാൽ തന്നെ  സ്ത്രീകൾക്കും ലിംഗ ന്യൂനപക്ഷങ്ങൾക്കും പ്രത്യേക വെല്ലുവിളികളാണ് നേരിടേണ്ടി വരുന്നത്. ഇത് പരിഹരിക്കപ്പെടണമെങ്കിൽ,

A. **വ്യവസായതല പെരുമാറ്റച്ചട്ടം**

- എല്ലാ പ്രധാന ചലച്ചിത്ര സംഘടനകളും അംഗീകരിക്കുന്ന ഒരു ഏകീകൃത പെരുമാറ്റച്ചട്ടം
- വിവേചനം, ലൈംഗികാതിക്രമം, അധികാര ദുരുപയോഗം എന്നിവ നിരോധിക്കപ്പെടണം
- താരങ്ങൾ മുതൽ ദിവസവേതനക്കാർ വരെ എല്ലാവർക്കും ഈ ചട്ടങ്ങൾ ബാധകമാകണം

B. **സുരക്ഷാ ഉദ്യോഗസ്ഥർ**

- പ്രൊഡക്ഷനുകളിൽ  സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഓഫീസർമാരെ നിയമിക്കുന്നത് സാധ്യമാണോ എന്ന് പരിശോധിക്കണം

C. **അടിസ്ഥാന സൗകര്യങ്ങൾ**

- ലിംഗാടിസ്ഥാനത്തിൽ വേർതിരിച്ച ശുചിമുറികൾ
- സുരക്ഷിതമായ താമസ സൗകര്യങ്ങൾ
- പ്രത്യേകം വിശ്രമിക്കാനുള്ള സ്ഥലങ്ങൾ

D. **പങ്കാളിത്തം വർധിപ്പിക്കൽ**

- പുരുഷാധിപത്യമുള്ള മേഖലകളിൽ സ്ത്രീകളുടെയും ന്യൂനപക്ഷങ്ങളുടെയും പങ്കാളിത്തം വർധിപ്പിക്കുക

### 2. POSH നിയമം (ലൈംഗികാതിക്രമത്തിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം)

സിനിമാ സെറ്റുകളിൽ POSH നിയമം ശരിയായി നടപ്പാക്കുക. പല സെറ്റുകളിലും IC സംവിധാനങ്ങൾ കാര്യക്ഷമമാക്കുക.

**ശിപാർശകൾ:**

A. **പ്രീ-പ്രൊഡക്ഷൻ POSH സർട്ടിഫിക്കറ്റ്**

- ഷൂട്ട് തുടങ്ങുന്നതിന് മുൻപ് കംപ്ലയൻസ് സർട്ടിഫിക്കറ്റ് നിർബന്ധം
- പ്രാദേശിക ഭാഷകളിൽ POSH നയങ്ങൾ പ്രചരിപ്പിക്കൽ

B. **കേന്ദ്രീകൃത IC രജിസ്ട്രി**

- എല്ലാ പ്രൊഡക്ഷൻ IC കളുടെയും രജിസ്ട്രി പരിപാലിക്കുക
- ഓഡിറ്റുകൾ നടത്തുക, പരിശീലന മൊഡ്യൂളുകൾ നൽകുക

C. **ഓൺ-സെറ്റ് POSH സെഷനുകൾ**

- ഓരോ ഷെഡ്യൂളിന്റെയും തുടക്കത്തിൽ POSH അവബോധ സെഷനുകൾ
- 24/7 സഹായ ഹോട്ട്ലൈൻ

D. **നിർമ്മാതാവിന്റെ ഉത്തരവാദിത്തം**

- POSH പാലിക്കാത്ത പക്ഷം നിർമ്മാണ കമ്പനികൾക്ക് ശിക്ഷ.

**3. ലിംഗഭേദ സംവേദനക്ഷമതയുള്ള കഥപറച്ചിലും പ്രാതിനിധ്യവും**

സിനിമകൾ പലപ്പോഴും വാർപ്പുമാതൃകകളെ ശക്തിപ്പെടുത്തുകയും ഇത് ലിംഗ അസമത്വത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണക്ക് ആക്കം കൂട്ടുകയും ചെയ്യും. ഇവ പരിഹരിക്കാനായി സ്ത്രീ, ലൈംഗിക ന്യൂനപക്ഷങ്ങളെ ആധാരമാക്കിയുള്ളതും ഈ പ്രാതിനിധ്യങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ളതുമായ ചലച്ചിത്ര സംരംഭങ്ങൾ ഉണ്ടാകണം.

**ശിപാർശകൾ:**

A. **ഇൻക്ലൂസിവിറ്റി ഉറപ്പാക്കുന്ന കണ്ടന്റിനുള്ള സാമ്പത്തിക സഹായം**

- ഫണ്ടിംഗിന് അപേക്ഷിക്കുന്ന സ്ക്രിപ്റ്റുകൾക്ക് പ്രധാന ക്രിയേറ്റീവ് റോളുകളിൽ ഇൻക്ലൂസിവിറ്റി ഉറപ്പാക്കുന്ന പ്രാതിനിധ്യം വേണം.

B. **ഇൻക്ലൂസിവ് റൈറ്റേഴ്സ് റൂം**

- സ്ത്രീകൾ, LGBTQIA+ കമ്മ്യൂണിറ്റികൾ, എന്നിവരെക്കുറിച്ചുള്ള കഥകളിൽ ഫോക്കസ് ചെയ്യുന്ന എഴുത്തുകാരുടെ കൂട്ടങ്ങൾ സംഘടിപ്പിക്കൽ.

C. **പ്രാതിനിധ്യ മാർഗനിർദേശങ്ങൾ**

- പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവയെക്കുറിച്ചുള്ള ശരിയായ ചിത്രീകരണത്തിനുള്ള മാർഗനിർദേശങ്ങൾ

D. **സമത്വ അവാർഡുകൾ**

- ലിംഗഭേദമന്യേ സംവേദനക്ഷമതയുള്ളതും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതുമായ സൃഷ്ടികൾക്ക് അവാർഡുകൾ

**4. കാസ്റ്റിംഗ് കൗച്ച് ഇല്ലാതാക്കുക**

'കാസ്റ്റിംഗ് കൗച്ച്' - അധികാര അസന്തുലിതാവസ്ഥ ഉപയോഗിച്ച് അവസരങ്ങൾ തേടുന്ന പുതുമുഖങ്ങളെ ചൂഷണം ചെയ്യുന്ന പ്രവണത സിനിമാ മേഖലയിൽ കണ്ടുവരാറുണ്ട്. ഇത് ചെയ്യുന്നവർക്കെതിരേ കടുത്ത നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

**ശിപാർശകൾ:**

A. **സീറോ-ടോളറൻസ് നയം**

- കാസ്റ്റിംഗിലും നിയമനത്തിലും ലൈംഗിക ചൂഷണത്തിനെതിരെ കർശന നയങ്ങൾ ചലച്ചിത്ര സംഘടനകളുടെ നേതൃത്വത്തിൽ നടപ്പാക്കുക.
- കുറ്റക്കാരെ പുറത്താക്കുക, ബ്ലാക്ക് ലിസ്റ്റ് ചെയ്യുക

B. **കേന്ദ്രീകൃത ഓഡിഷൻ പ്രോട്ടോകോളുകൾ**

- പ്രൊഫഷണൽ കാസ്റ്റിംഗ് ഡയറക്ടർമാരുടെ സാന്നിധ്യം. സ്റ്റുഡിയോ/പ്രൊഡക്ഷൻ ഓഫീസുകളിൽ ഓഡിഷനുകൾ - എന്നിവ ഉറപ്പാക്കുക.
- അനഭിലഷണീയമായ പ്രവൃത്തികൾ നടക്കുന്നില്ലാ എന്നുറപ്പിക്കാൻ ഒഡിഷനുകളിൽ സിനിമയുടെ ഭാഗമല്ലാത്ത രണ്ടു വ്യക്തികളുടെ സാന്നിധ്യം ഉറപ്പാക്കുക

C. **സുരക്ഷിതമായ വിസിൽബ്ലോവർ സംവിധാനം**

- കാസ്റ്റിംഗ് ചൂഷണം റിപ്പോർട്ട് ചെയ്യാനുള്ള സ്വതന്ത്രവും രഹസ്യവുമായ സംവിധാനം ഒരുക്കൽ

D. **മെന്റർഷിപ്പ് & എൻട്രി പാതകൾ**

- പുതിയ ആളുകളെ പരിചയസമ്പന്നരായ പ്രൊഫഷണലുകളുമായി ബന്ധിപ്പിക്കുന്ന ഔപചാരിക മെന്റർഷിപ്പ് പ്രോഗ്രാമുകൾ

**5. അനീതിക്കെതിരെ സംസാരിക്കുന്നവർക്ക് സംഘടിതമായ ആക്രമണങ്ങൾ നേരിടേണ്ടി വരുന്നതും അവരെ ഒറ്റപ്പെടുത്തുന്നതും സിനിമാ ഇടങ്ങളിൽ കണ്ടുവരാറുണ്ട്.**

പ്രതികരിച്ചോ പ്രതിഷേധിച്ചോ ഉയർത്തുന്ന ശബ്ദങ്ങൾക്ക് ആവശ്യമായ സംരക്ഷണം നൽകുകയും, അവർ ഒറ്റപ്പെട്ടു പോകുന്നത് അനുവദിക്കാതിരിക്കുകയുമാണ് പരിഹാര മാർഗ്ഗങ്ങൾ.

**ശിപാർശകൾ:**

A. **ചലച്ചിത്ര വ്യവസായ ഐക്യദാർഢ്യം**

- ഉപദ്രവം, വിവേചനം, തൊഴിൽ ലംഘനങ്ങൾ എന്നിവയെക്കുറിച്ച് സംസാരിക്കുന്നവർക്ക് പ്രധാന അസോസിയേഷനുകൾ പൊതു പിന്തുണ നൽകുക

B. **നിയമ പ്രതിരോധ ഫണ്ടും പിന്തുണാ ശൃംഖലയും**

- പ്രതികാര നടപടികളോ ക്രിമിനൽ ഭീഷണികളോ നേരിടേണ്ടി വരുന്ന വ്യക്തികൾക്ക് നിയമസഹായം

C. **സൈബർ ഹരാസ്മെന്റ് ടാസ്ക് ഫോഴ്സ്**

- ചലച്ചിത്ര വ്യവസായ പ്രൊഫഷണലുകളെ ലക്ഷ്യം വച്ചുള്ള ഓൺലൈൻ ആക്രമണങ്ങൾ

വേഗത്തിൽ പരിഹരിക്കുന്നതിനായി പ്രത്യേക ടാസ്ക് ഫോഴ്സ്

D. **കർശനമായ ആന്റി-ബ്ലാക്ക് ലിസ്റ്റിംഗ് നടപടികൾ**

◦ പ്രതികാര നടപടിയായി പ്രൊഫഷണലുകളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്ന പ്രവണത കർശനമായി നിരോധിക്കുക

**ചുരുക്കം:**

മലയാള സിനിമയ്ക്ക് ആഗോളതലത്തിൽ ലഭിച്ച വ്യാപക അംഗീകാരങ്ങളോട് ചേർന്നുനിൽക്കുന്ന പ്രതിബദ്ധത തിരശ്ശീലയ്ക്ക് പിന്നിലും ധാർമ്മികമായ ആർജവം പുലർത്തുന്നതിൽ ഉണ്ടാവേണ്ടതാണ്.

ഈ മേഖലയുടെ മുന്നേറ്റത്തിനും സാമ്പത്തിക സുസ്ഥിരതയ്ക്കും നിയമസാധുതയ്ക്കും, ലിംഗ അസമത്വം പരിഹരിക്കേണ്ടതും എല്ലാവരേയും ഒരുപോലെ ഉൾക്കൊള്ളുന്ന പ്രവണത പ്രോത്സാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

KERALA
FILM POLICY
CONCLAVE
നല്ല സിനിമ നല്ല നാളെ

# തൊഴിൽ, കരാർ, പണിയിടം



## തൊഴിൽ, കരാർ, പണിയിടം

പ്രധാനപ്പെട്ട സാമൂഹ്യപ്രമേയങ്ങൾ പരാമർശിക്കുന്ന ഇടമായാണ് മലയാള സിനിമ അറിയപ്പെടുന്നതെങ്കിലും തൊഴിലാളികളെ പരിഗണിക്കുന്ന രീതിയിൽ ചലച്ചിത്ര വ്യവസായം നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പ്രൊഡക്ഷൻ അസിസ്റ്റന്റുമാർക്കു മുതൽ ജൂനിയർ ആർട്ടിസ്റ്റുകൾക്കു വരെ പലരും ഉചിതമല്ലാത്ത സാഹചര്യങ്ങളിൽ പണിയെടുക്കേണ്ടിവരികയും മാന്യമായ പരിഗണന ലഭിക്കാതിരിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് സ്ത്രീകൾക്കും പാർശ്വവത്കരിക്കപ്പെട്ട പശ്ചാത്തലമുള്ളവർക്കുമിടയിൽ കുറഞ്ഞ വേതനം, പണിയിടത്തിലെ അരക്ഷിതാവസ്ഥ, തൊഴിൽസ്ഥിരതയുടെ അഭാവം എന്നിവ പ്രകടമാണ്.

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രായോഗികമായ ശുപാർശകൾ സമർപ്പിക്കുക എന്നതാണ് ഈ ചർച്ചാരേഖയുടെ ഉദ്ദേശ്യം. മലയാളസിനിമാ വ്യവസായത്തിലെ ഓരോരുത്തർക്കും അപകടംവരാതെ പണിയെടുക്കാനും ന്യായമായ പ്രതിഫലം ലഭിക്കാനും അവശ്യമായ പിന്തുണയും സംരക്ഷണവും പ്രാപ്യമാക്കേണ്ടതുണ്ട്. മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും വ്യവസായം നീതിയുക്തവും ഉൾക്കൊള്ളൽ മനോഭാവവും (inclusive attitude) ഉള്ളതായി മാറേണ്ടതുണ്ട്.

### 1. തൊഴിൽ സാഹചര്യം, ന്യായവേതനം, കരാർ വ്യവസ്ഥകൾ: വസ്തുതകൾ

പ്രോജക്റ്റ് അടിസ്ഥാനത്തിലുള്ള അനൗപചാരിക തൊഴിലിനെ ആശ്രയിച്ചാണ് ഈ വ്യവസായം മുന്നോട്ടുപോകുന്നത്. വാക്കാലുള്ള ഉടമ്പടി, വൈകിക്കിട്ടുന്ന വേതനം, തൊഴിലിന്റെ വ്യാപ്തിയിലോ പ്രവൃത്തിസമയത്തിലോ പ്രതിഫലകാര്യത്തിലോ വ്യക്തതയില്ലാത്ത കരാർ തുടങ്ങിയ പ്രശ്നങ്ങൾ വ്യാപകമാണ്. പ്രത്യേകിച്ച്  താരപരിവേഷമില്ലാത്ത തൊഴിലാളികളിലും ജൂനിയർ ആർടിസ്റ്റുകളുടെ കാര്യത്തിലും ഇവ യാഥാർത്ഥ്യമായി നിലകൊള്ളുന്നു. ഒരേതരം ജോലിക്ക് വ്യത്യസ്ത കൂലികൾ, വേതനപരിധി താഴ്ന്നതും പതിവു പരിമിതികളുള്ളതുമായ ലിംഗാധിഷ്ഠിത (gender specific) വേഷങ്ങളിൽ കുടുങ്ങിക്കിടക്കൽ തുടങ്ങിയ ചൂഷണങ്ങൾ സ്ത്രീകളും അരികുവത്കരിക്കപ്പെട്ട വ്യക്തികളും നേരിടേണ്ടിവരുന്നു.

**ശിപാർശകൾ:**

A. **സാർവലൗകികമായ ലിഖിത കരാറുകൾ:** ഓരോ തൊഴിലാളിയുടെയും ചുമതലകൾ, വേതനം, വേതന വ്യവസ്ഥ, പ്രവൃത്തിസമയം, കരാർ റദ്ദാക്കൽ വ്യവസ്ഥകൾ എന്നിവ വിശദമാക്കിയ ലളിതവും പ്രാദേശിക ഭാഷയിലുള്ളതുമായ കരാറുകൾ നിർബന്ധമാക്കുക. ഇവ ആരംഭിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഉത്തരവാദിത്തം പ്രൊഡക്ഷൻ ഹൗസുകൾ ഏറ്റെടുക്കണം.

B. **സുതാര്യമായ വേതന ഘടന:** എല്ലാത്തരം ചലച്ചിത്ര നിർമ്മാണത്തിലും ബാധകമായ വിവിധ ചുമതലകൾക്കും അനുഭവ പരിചയത്തിനും അനുസൃതമായി ലിംഗഭേദമന്യേ പ്രയോഗിക്കേണ്ടതായ മിനിമം വേതന മാനദണ്ഡം മേഖലയിലൊന്നാകെ തയ്യാറാക്കി പ്രസിദ്ധീകരിക്കുക.

C. **സമയബന്ധിത വേതനം:** പ്രത്യേകിച്ച് ദിവസവേതനക്കാർക്ക് സമയബന്ധിതമായി പ്രതിഫലം ഉറപ്പാക്കുന്നതിന് എസ്ക്രോ അക്കൗണ്ടുകളോ പ്രൊഡക്ഷൻ – ബോണ്ട് ഗ്യാരന്റികളോ നടപ്പാക്കുക.

D. **തുല്യവേതന പരിശോധന:** നിർദ്ദിഷ്ട വകുപ്പുകളിലെ ലിംഗാധിഷ്ഠിതവും അല്ലാത്തതുമായ വിഭാഗങ്ങളിൽ വേതനവ്യത്യാസം കണ്ടെത്തി പരിഹരിക്കുന്നതിന് യൂണിയനുകളെ/പ്രൊഡക്ഷൻ സംഘടനകളെ സമയബന്ധിത ഓഡിറ്റുകൾ നടത്താൻ പ്രാപ്തരാക്കുക.

### 2. ഗിഗ് ഇക്കണോമിയിൽ യൂണിയനുകളുടെയും തൊഴിൽ ബോർഡിന്റെയും പങ്ക്

പരമ്പരാഗത യൂണിയനുകളും അവയുടെ ഘടനയും ആധുനിക സിനിമാ മേഖലയിലെ അതിവേഗം വിഘടിതമായ, ഗിഗ്-അധിഷ്ഠിത സ്വഭാവത്തോട് പൊരുത്തപ്പെടാൻ പാടുപെടുന്നു. പല തൊഴിലാളികളും, പ്രത്യേകിച്ച് സ്ത്രീകൾ, നവാഗതർ, നൂതന തൊഴിലുകളിലുള്ളവർ (ഡിജിറ്റൽ ടെക്, VFX) യൂണിയൻ സംരക്ഷണത്തിന് പുറത്താവുകയോ അംഗത്വം അപ്രാപ്യമാണെന്ന് കണ്ടെത്തുകയോ ചെയ്യുന്നു.

**ശിപാർശകൾ:**

A. **യൂണിയനുകളും ഉൾക്കൊള്ളലും:** യൂണിയൻ അംഗത്വത്തിൽ മാനദണ്ഡങ്ങൾ ലഘൂകരിച്ച് കൂടുതൽ ലഭ്യവും സുഗമവുമാക്കുക. പാർട്ട് ടൈം തൊഴിലാളികൾക്കും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിൽ നിന്ന് ഉള്ളവർക്കും എത്താവുന്ന രീതിയിൽ മെച്ചപ്പെടുത്തണം.

B. **തൊഴിൽ ബോർഡ് ഇടപെടൽ:** താത്കാലിക സിനിമ സെറ്റുകളിലുപയോഗിക്കാവുന്ന രീതിയിൽ തൊഴിലാളികളുടെ രജിസ്ട്രേഷനും തൊഴിൽ നിയമങ്ങൾ പ്രാവർത്തികമാക്കുന്നതും തൊഴിൽ വകുപ്പ് ഉറപ്പ് വരുത്തണം.

C. **ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ:** കരാർ മാതൃകകൾ, പേയ്മെന്റ് ട്രാക്കിങ്, പരാതിപ്രവർത്തനം, തൊഴിൽ ബോർഡിന്റെ പിന്തുണ എന്നിവ ലഭ്യമാക്കുന്ന വ്യവസായപരമായ ഓൺലൈൻ സംവിധാനങ്ങൾ വികസിപ്പിക്കണം.

### 3. തൊഴിലിട സുരക്ഷയും അതിക്രമ പ്രതിരോധ സംവിധാനങ്ങളും:

സിനിമാ സെറ്റുകളിൽ ദീർഘസമയ ജോലിയും അപൂർവമായിട്ടെങ്കിലും സുരക്ഷിതമല്ലാത്ത ചുറ്റുപാടുകളും ഉണ്ടാകും. പുറത്തുവന്ന തുറന്നു പറച്ചിലുകളും റിപ്പോർട്ടുകളും പ്രകാരം സ്ത്രീകൾ ഉൾപ്പെടെയുള്ള നിരവധി തൊഴിലാളികൾ വിവിധതരത്തിലുള്ള മാനസിക-ലിംഗ-ജാതിവിവേചനം നേരിടുന്നു. അതിനായി മതിയായ പരാതി ബോധിപ്പിക്കൽ സംവിധാനം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

**ശിപാർശകൾ:**

A. **നിർബന്ധിത സുരക്ഷാ ഓഡിറ്റുകളും ട്രെയിനിങ്ങും :** സ്റ്റണ്ട്, ട്രാൻസ്പോർട്ട്, ലോക്കേഷൻ തുടങ്ങിയവയ്ക്ക് സാങ്കേതിക സുരക്ഷാ മാർഗരേഖകളും പരിശീലനവും നിർബന്ധമാക്കണം.

B. **തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമം തടയാനുള്ള സെൽ :** തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമവും ചൂഷണവും തടയാനും വർണ-വർഗ അധിക്ഷേപങ്ങൾ തടയാനും പരിശീലനം ലഭിച്ച പുറത്തുനിന്നുള്ള അംഗങ്ങളടങ്ങുന്ന ആന്തരിക കമ്മിറ്റി ഉണ്ടാക്കണം.

C. **സുരക്ഷിത യാത്രയും താമസവും:** രാത്രികാലഷൂട്ടിങ്ങിനും ഉൾമേഖലകളിലേക്കുള്ള യാത്രയ്ക്കും മറ്റും സുരക്ഷിതവും സ്ത്രീസൗഹൃദവുമായ യാത്രാ-താമസ സൗകര്യങ്ങൾ ഒരുക്കണം.

### 4. പെൻഷൻ പദ്ധതികളും ആരോഗ്യ ഇൻഷുറൻസും

ജോലിയുടെ താത്കാലിക സ്വഭാവം മൂലം പലരും ആരോഗ്യ ഇൻഷുറൻസിനും പെൻഷൻ ആനുകൂല്യങ്ങൾക്കും അർഹരാകുന്നില്ല.

**ശിപാർശകൾ:**

A. **എല്ലാവർക്കും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം:** ഓരോ തൊഴിലാളിയെയും നിർമ്മാതാക്കൾ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യിപ്പിക്കണം. ഇതിനുള്ള അവബോധം വർദ്ധിപ്പിക്കുകയും അംഗത്വ നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്യണം.

B. **പോർട്ടബിൾ ഇൻഷുറൻസ് പദ്ധതി:** പദ്ധതികൾക്കിടയിൽ തന്നെ ഉപയോഗിക്കാവുന്ന, തൊഴിലാളികൾക്ക് താങ്ങാവുന്ന രീതിയിൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾ വികസിപ്പിക്കണം.

C. **പെൻഷൻ ടോപ്പ്-അപ് മോഡലുകൾ**: ഓരോ സിനിമയുടേയും ബഡ്ജറ്റിൽ നിന്നുള്ള ചെറിയ ശതമാനം ക്ഷേമനിധിയിലേക്ക് സംഭാവന ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ആലോചിക്കണം.

**5. വ്യവസ്ഥാപിത ചൂഷണങ്ങളെ പ്രതിരോധിക്കുക: ദീർഘജോലി സമയം, ഏജന്റുമാർ, ലഹരി ഉപയോഗം**

**ശിപാർശകൾ:**

A. **ദിവസ/വാര ജോലിസമയ പരിധികൾ നിർബന്ധമാക്കണം.**

B. **ഏജന്റുമാരുടെ ചൂഷണം:** കമ്മീഷൻ ഏജന്റുമാരെ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്, പ്രത്യേകിച്ച് വനിതകളും പുതിയ അഭിനേതാക്കളും നേരിടുന്ന ചൂഷണങ്ങൾ ഒഴിവാക്കാൻ.

C. **ഏജന്റുമാർക്കായി ലൈസൻസിംഗ് സംവിധാനം നിർബന്ധമാക്കുക;** അസോസിയേഷനുകൾക്ക് കീഴിൽ പരാതി സെല്ലുകൾ രൂപീകരിക്കുക.

D. **ലഹരി ഉപയോഗം:** ഇത് നിയന്ത്രിക്കാൻ കൗൺസിലിംഗും, റീഹാബിലിറ്റേഷൻ സംവിധാനങ്ങളും ഉണ്ടാകണം; വിമുക്തിയ്ക്കായി ആഗ്രഹിക്കുന്നവർക്ക് കൈത്താങ്ങാകേണ്ടതുണ്ട്.

**6. പ്രതിസന്ധികൾ**

ഉയർന്ന യൂണിയൻ അംഗത്വ ഫീസ്, തെരഞ്ഞെടുപ്പുകളിലെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ഇവയെല്ലാം നവാഗതർക്കും പിന്നാക്ക വിഭാഗക്കാർക്കും പ്രതിസന്ധികളാണ്.

**ശിപാർശകൾ:**

A. **വരുമാനത്തിനനുസൃതമായ അംഗത്വ ഫീ:** യൂണിയൻ ഫീസ് വരുമാന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ പലതരം വിഭാഗങ്ങളായി ക്രമീകരിക്കുക.

B. **മെന്റർ പ്രവർത്തനങ്ങൾ:** സ്ത്രീകൾക്കും പിന്നാക്ക വിഭാഗക്കാർക്കും സാങ്കേതിക മേഖലകളിൽ എത്തിച്ചേരാനായി യൂണിയനുകൾ മെന്റർ പദ്ധതികൾ നടപ്പിലാക്കണം.

C. **ജോലി ലഭ്യതയിലെ സുതാര്യത:** സിനിമാ ജോലികളുമായി ബന്ധപ്പെട്ട വാർത്തകൾ പോസ്റ്റുചെയ്യുന്ന പ്ലാറ്റ്ഫോമുകൾ യൂണിയൻ തലത്തിൽ നടപ്പിലാക്കണം.

D. **ഇൻക്ലൂഷൻ ക്വോട്ടകൾ:** സംസ്ഥാന സർക്കാർ ധനസഹായത്തോടെയുള്ള പ്രോജക്ടുകളിൽ ക്രൂ നിയമനത്തിൽ ഇൻക്ലൂസിവിറ്റി ഉറപ്പാക്കണം.

**ചുരുക്കം:**

സുരക്ഷിതവും അന്തസുറ്റതുമായ  തൊഴിലിടങ്ങൾ ഉറപ്പാക്കിയും ഭദ്രമായ സാമൂഹ്യസുരക്ഷാ നടപടികൾ സ്ഥാപിച്ചും മാത്രമേ സമഭാവനയോടും വിശാലമായ ഉൾച്ചേർക്കലോടും കൂടി അർത്ഥവത്തായ പുരോഗതിയിലേക്ക് മലയാള സിനിമാ വ്യവസായത്തെ നയിക്കാനാവൂ.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഏകോപിത പ്രവർത്തനം അനിവാര്യമാണ്: യൂണിയനുകൾ ആധുനീകരിക്കുകയും കൂടുതൽ ജനാധിപത്യവത്കരിക്കുകയും വേണം, നിർമ്മാതാക്കൾ തൊഴിൽ മാനദണ്ഡങ്ങൾ പാലിക്കണം, സംസ്ഥാനം ക്ഷേമ നയങ്ങൾ കർശനമായി നടപ്പാക്കുകയും നവീകരിക്കുകയും വേണം, തൊഴിലാളികൾ തന്നെ കൂട്ടായി തങ്ങളുടെ അവകാശങ്ങൾക്കായി നിലയുറപ്പിക്കണം. തുല്യതയുള്ള കരാറുകൾ, ന്യായമായ പ്രതിഫലം, സുരക്ഷിത സാഹചര്യങ്ങൾ, എല്ലാവർക്കും പ്രാപ്യമായ  സഹായക സംവിധാനങ്ങൾ (support systems) എന്നിവ ഉറപ്പാക്കുന്നതിലൂടെ, സ്ത്രീകൾക്കും അരികുവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും ഉൾപ്പെടെ എല്ലാ പശ്ചാത്തലത്തിൽനിന്നുമുള്ള പ്രതിഭകൾക്ക് അഭിവൃദ്ധിപ്പെടാൻ കഴിയുന്ന ഒരു അന്തരീക്ഷം വളർത്തിയെടുക്കാൻ വ്യവസായത്തിന് സാധിക്കും. ഈ പ്രതിബദ്ധത ധാർമ്മിക ബാധ്യത മാത്രമല്ല, മലയാളസിനിമയുടെ സുസ്ഥിര സർഗാത്മകതയ്ക്കും നിലനിൽപ്പിനും അനിവാര്യമാണ്.

# നിയമപരമായ ചട്ടക്കൂടുകളും സന്തുലിതമായ പരാതി പരിഹാര സംവിധാനവും



## നിയമപരമായ ചട്ടക്കൂടുകളും സന്തുലിതമായ പരാതി പരിഹാര സംവിധാനവും

സമൂഹത്തിന്റെ കണ്ണാടി എന്ന നിലയിലാണ് മലയാള സിനിമ അതിന്റെ ശക്തി സംഭരിക്കുന്നതെങ്കിലും അതിന്റെ തന്നെ അകത്തളങ്ങൾ പലപ്പോഴും നിയമപരമായ ചട്ടക്കൂടുകളുടെ അഭാവം നിമിത്തം ആത്മാർത്ഥമായ ഉൾക്കൊള്ളലും തുല്യതയും പ്രതിഫലിപ്പിക്കാൻ കഴിയാതെ വരികയാണ്. ഇത് സ്ത്രീകളെയും LGBTQIA+ വ്യക്തികളെയും പാർശ്വവത്കൃത പശ്ചാത്തലത്തിൽ നിന്നുള്ളവരെയും കൂടുതൽ അനീതിയിലേക്കും തുല്യതയില്ലായ്മയിലേക്കും തള്ളിവിടുന്നു.

ഈ ചർച്ചാക്കുറിപ്പുകൾ ലക്ഷ്യം വയ്ക്കുന്നത് അനാവശ്യമായ ഔദ്യോഗിക ഇടപെടലല്ല, മറിച്ച് മലയാള  ചലച്ചിത്ര മേഖലയെ സുരക്ഷിതവും സമഭാവനയുള്ളതുമായ ഒരു വ്യവസായമാക്കി മാറ്റാൻ ഉപകരിക്കുന്ന സുവ്യക്ത നിയമഘടനകളും സ്വതന്ത്ര പരാതിപരിഹാര സംവിധാനവും സ്ഥാപിക്കാനാണ്.

**ശിപാർശകൾ:**

### 1. ശക്തമായ നിയന്ത്രണസംവിധാനത്തിന്റെ സൃഷ്ടി

മലയാള സിനിമയുമായി ബന്ധപ്പെട്ട സംഘടനകൾ സിനിമാ തൊഴിലാളികളുടെ അന്തസ്സ് ഉയർത്തി പിടിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളതെങ്കിലും അതിനുള്ളിലെ ലിംഗ വ്യത്യാസങ്ങൾ അഭിസംബോധന ചെയ്യാൻ കാര്യമായി ശ്രമിച്ചിട്ടുണ്ടായിരുന്നില്ല. തൊഴിലാളികൾക്കിടയിലെ വേതനത്തിലെ തുല്യത സംബന്ധിച്ചും അതിനിടയിലെ വർഗ്ഗ വ്യത്യാസങ്ങൾ സംബന്ധിച്ചുമുള്ള പ്രശ്നങ്ങളെ അടിസ്ഥാന മാനദണ്ഡങ്ങൾ നിശ്ചയിച്ച് പരിഹരിക്കേണ്ടതുണ്ട്. വിവിധ മേഖലകളിലുള്ള അവകാശികളുടേയും ഗുണഭോക്താക്കളുടേയും പ്രാതിനിധ്യം ഉറപ്പിക്കാനുമാവശ്യമായ ആധികാരികവും നിഷ്പക്ഷവുമായ ഒരു കേന്ദ്രീകൃത സംവിധാനം ഉണ്ടാകണം.

**കേരള ഫിലിം ഡെവലപ്മെന്റ് ആൻഡ് റെഗുലേറ്ററി അതോറിറ്റി സ്ഥാപിക്കുക:** ഈ സംവിധാനത്തിൽ എല്ലാ പ്രധാന പങ്കാളികളുടെയും പ്രതിനിധികൾ ഉണ്ടാകണം. പ്രധാന യൂണിയനുകൾ, സ്വതന്ത്ര ചലച്ചിത്ര പ്രവർത്തകർ, നിർമ്മാതാക്കളുടെ സംഘടനകൾ, സാങ്കേതിക വിദഗ്ദ്ധർ, ജൂനിയർ ആർട്ടിസ്റ്റ് യൂണിയനുകൾ, വനിതാ കൂട്ടായ്മകൾ, നിയമ വിദഗ്ദ്ധർ, കൂടാതെ ഇതുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളും ഭാഗമാകണം.

തൊഴിൽ സാഹചര്യങ്ങൾ, കരാറുകൾ, വേതനം (ലിംഗ സമത്വം ഉൾപ്പെടെ), POSH ആക്റ്റ് നടപ്പാക്കൽ, സുരക്ഷാ പ്രോട്ടോക്കോളുകൾ, പരാതി പരിഹാരം, നീതിപൂർവമായ കാസ്റ്റിംഗ് രീതികൾ, തൊഴിൽ വിതരണത്തിനുള്ള മാനദണ്ഡങ്ങൾ എന്നിവയെല്ലാം ഈ സംവിധാനത്തിന്റെ ഭാഗമാകും.

### 2. ഒരു ഓൺലൈൻ കംപ്ലയിന്റ് പോർട്ടലും സ്വതന്ത്ര പരാതി പരിഹാര സമിതിയും നടപ്പിലാക്കുക:

പ്രതികാര നടപടികൾ, ബ്ലാക്ക്ലിസ്റ്റിംഗ്, സങ്കീർണ്ണമായ അധികാര ബന്ധങ്ങൾ എന്നിവ കാരണം പലരും പരാതികൾ അറിയിക്കാൻ ഭയപ്പെടുന്നു. നിലവിലുള്ള സിനിമാ സംഘടനാ സംവിധാനങ്ങൾ പലപ്പോഴും പല താല്പര്യങ്ങൾ മുൻനിർത്തി തർക്കങ്ങളിൽ ഏർപ്പെടുന്നതായി കണ്ടുവരാറുണ്ട്. അതിനാൽ പ്രത്യേകിച്ചും ഇവയിൽ അംഗമല്ലാത്തവർക്കും, സംഘടനാ സംവിധാനങ്ങൾക്കെതിരെ പ്രതികരിക്കുന്നവർക്കും എത്തിപ്പെടാൻ കഴിയുന്ന പരാതി പരിഹാര സംവിധാനങ്ങളുടെ അഭാവം പ്രശ്നങ്ങളെ സങ്കീർണ്ണമാക്കാറുണ്ട്.

**ശിപാർശകൾ:**

A. **സ്വകാര്യത നിലനിർത്തുന്ന കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ:** സുരക്ഷിതവും ഉപയോഗിക്കാൻ എളുപ്പമുള്ളതുമായ ഓൺലൈൻ പോർട്ടൽ ആരംഭിക്കണം. ചലച്ചിത്ര വ്യവസായത്തിന്റെ ഭാഗമാകുന്ന ഏതൊരു തൊഴിലാളിക്കും ജോലിസ്ഥലത്തെ പ്രശ്നങ്ങളെക്കുറിച്ച് (ഉപദ്രവം, വിവേചനം, വേതനം നൽകാതിരിക്കുക, സുരക്ഷാ ലംഘനങ്ങൾ, കരാർ ലംഘനങ്ങൾ, ഏജന്റുമാരുടെ ദുഷ്പ്രവർത്തനങ്ങൾ) സ്വകാര്യത നിലനിർത്തി പരാതി നൽകാൻ കഴിയണം.

B. **സ്വതന്ത്ര ഫിലിം ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി:** ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി സ്ഥാപിക്കുക.

### 3. സമഗ്രമായ പരാതി പരിഹാര & സാമൂഹിക സുരക്ഷാ നയങ്ങൾ വികസിപ്പിക്കുക:

പരാതികൾ പരിഹരിക്കാൻ ശിക്ഷാ നടപടികൾക്കപ്പുറം പരാതി ഉന്നയിക്കുന്നവർക്ക് നീതി, പുനരധിവാസം, മധ്യസ്ഥത, പിന്തുണ എന്നിവ ഉൾപ്പെടുന്ന വ്യക്തമായ നയങ്ങൾ ആവശ്യമാണ്. തൊഴിലാളികളുടെ ദൗർബല്യത്തേയും, ചൂഷണത്തെ ചോദ്യം ചെയ്യാനുള്ള അവരുടെ കഴിവില്ലായ്മയേയും അടിസ്ഥാനമാക്കിയാണ് തൊഴിലാളികളുടെ സാമൂഹിക സുരക്ഷയെ നിശ്ചയിക്കേണ്ടത്.

**ശിപാർശകൾ:**

A. **സമഗ്രമായ പരാതി പരിഹാര നയം:** ഇതിൽ പീഡനം, തൊഴിൽ തർക്കങ്ങൾ, സാമ്പത്തിക ചൂഷണം, സുരക്ഷാ പ്രശ്നങ്ങൾ തുടങ്ങിയ വിവിധതരം പരാതികൾ എങ്ങനെ കൈകാര്യം ചെയ്യണം എന്ന് വ്യക്തമാക്കണം. മധ്യസ്ഥത, അന്വേഷണം, ആർബിട്രേഷൻ തുടങ്ങിയ വഴികളും ഇതിൽ ഉൾപ്പെടുത്തണം. ലിംഗപരമായ വിവേചനം, ജാതിപരമായ പീഡനം, LGBTQIA+ അവകാശ നിഷേധങ്ങൾ എന്നിവയും ഇതിന്റെ പരിധിയിൽ കൊണ്ടു വരണം.

B. **സാമൂഹിക സുരക്ഷയിലൂടെ പ്രതിരോധം:** പരാതി പരിഹാര സംവിധാനത്തെ സാമൂഹിക സുരക്ഷയുമായി ബന്ധിപ്പിക്കണം. ക്ഷേമനിധി  എല്ലാവരിലേക്കും എത്തുന്നുണ്ടെന്ന് ഉറപ്പാക്കണം. എല്ലാ തൊഴിലാളികൾക്കും എളുപ്പത്തിൽ രജിസ്റ്റർ ചെയ്യാനും, മതിയായ പെൻഷൻ, ആരോഗ്യ ഇൻഷുറൻസ്, കൗൺസിലിംഗ്/പുനരധിവാസ സേവനങ്ങൾ (മോശം സാഹചര്യങ്ങൾ കാരണം ഉണ്ടാകുന്ന ലഹരി ഉപയോഗം പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ) എന്നിവ ലഭ്യമാക്കാനും ഇത് സഹായിക്കും.

### 4. സിനിമാ മേഖലയ്ക്ക് ഔദ്യോഗികമായി 'വ്യവസായ പദവി' നൽകുക

മലയാളത്തിലെ സിനിമാ മേഖലയ്ക്ക് ഔദ്യോഗികമായി 'വ്യവസായം' എന്ന പദവി ഇല്ലാത്തത് പല ഭരണപരവും നിയമപരവുമായ തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് മറ്റ് മേഖലകളിൽ ഉള്ളതുപോലെ തൊഴിലാളി ക്ഷേമവും നിയമപരമായ ചട്ടക്കൂടുകളും നടപ്പിലാക്കുന്നതിന് തടസ്സമാണ്.

**ശിപാർശകൾ:**

A. **സംസ്ഥാന സർക്കാർ പ്രഖ്യാപനം:** കേരള സർക്കാർ ചലച്ചിത്ര, വിനോദ മേഖലയെ സംസ്ഥാന നിയമങ്ങൾ പ്രകാരം ഔദ്യോഗികമായി ഒരു സാംസ്കാരികവും സർഗാത്മകവുമായ 'വ്യവസായം' (Cultural Creative Industry) ആയി പ്രഖ്യാപിക്കണം.

ഈ അംഗീകാരം താഴെ പറയുന്ന കാര്യങ്ങൾക്ക് സഹായിക്കും:

- നിലവിലുള്ള തൊഴിൽ നിയമങ്ങൾ (മിനിമം വേതനം, ജോലി സമയം, സുരക്ഷാ മാനദണ്ഡങ്ങൾ, കരാറുകൾ നടപ്പിലാക്കൽ) എളുപ്പത്തിൽ നടപ്പിലാക്കാൻ കഴിയും.
- നിർമ്മാതാക്കൾക്ക് വ്യവസായ സബ്സിഡികൾ, ബാങ്ക് വായ്പകൾ, അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പിന്തുണ എന്നിവ ലഭിക്കാൻ സഹായിക്കും. ഇതിൽ നല്ല തൊഴിൽ

സാഹചര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പ്രോത്സാഹനങ്ങളും ഉൾപ്പെടും.

◦ നിയമപരമായ സംരക്ഷണങ്ങളും സർക്കാർ സഹായ പദ്ധതികളും ലഭിക്കുന്നതിൽ സിനിമ മേഖലയ്ക്ക് കൂടുതൽ പ്രാമുഖ്യം ലഭിക്കും.

### 5. സ്വതന്ത്രമായ സിനിമാ ടൈറ്റിൽ, സ്ക്രിപ്റ്റ് രജിസ്ട്രി സ്ഥാപിക്കുക

ടൈറ്റിലുകളും സ്ക്രിപ്റ്റുകളും സംബന്ധിച്ച തർക്കങ്ങൾ ചെറിയ നിർമ്മാതാക്കളെയും പുതുമുഖങ്ങളെയും കൂടുതൽ ബാധിക്കുന്നു. ഇത് ചൂഷണത്തിന് വഴിയൊരുക്കുകയും വ്യത്യസ്ത ശബ്ദങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നു.

**ശിപാർശകൾ:**

A. **നിയമപരമായ ബൗദ്ധിക സ്വത്തവകാശ രജിസ്ട്രി:** സിനിമയുടെ ടൈറ്റിലുകൾ, സ്ക്രിപ്റ്റുകൾ, ആശയങ്ങൾ, മറ്റ് പ്രധാന ബൗദ്ധിക സ്വത്തുക്കൾ എന്നിവ ഔദ്യോഗികമായി രജിസ്റ്റർ ചെയ്യാൻ ഒരു സ്വതന്ത്രവും സർക്കാർ മേൽനോട്ടത്തിലുള്ളതുമായ രജിസ്ട്രി സ്ഥാപിക്കണം.

◦ **സുതാര്യവും നിഷ്പക്ഷവുമായ നടപടിക്രമം:** രജിസ്ട്രേഷൻ വ്യക്തവും എല്ലാവർക്കും ലഭ്യമായതുമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം. രജിസ്ട്രി ബോഡിയിൽ നിയമ വിദഗ്ധർ, പകർപ്പവകാശ വിദഗ്ധർ, വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ ഉൾപ്പെടണം. നിയമപരമായ സ്വാതന്ത്ര്യത്തോടെയും സുതാര്യതയോടെയും ഇത് പ്രവർത്തിക്കണം.

◦ **നിയമപരമായ പ്രാധാന്യം:** രജിസ്റ്റർ ചെയ്ത ടൈറ്റിലുകൾക്കും സ്ക്രിപ്റ്റുകൾക്കും പകർപ്പവകാശ തർക്കങ്ങളിൽ ശക്തവും നിയമപരവുമായ തെളിവ് നൽകണം. ഇത് ചൂഷണ പ്രവണതകളെ തടയുകയും, പ്രത്യേകിച്ച് വളർന്നുവരുന്ന പ്രതിഭകളെയും വനിതാ എഴുത്തുകാരെയും സംവിധായകരെയും സംരക്ഷിക്കുകയും ചെയ്യും.

**ചുരുക്കം:**

അവ്യക്തമായ നിയമത്തിന്റെയും അപ്രാപ്യമായ നീതിയുടെയും അടിത്തറയിൽ മലയാളസിനിമയുടെ ശോഭ നിലനിർത്താൻ കഴിയില്ല. ചട്ടപ്രകാരമുള്ള നിയന്ത്രണ സംവിധാനം, സ്വതന്ത്ര പരാതി പരിഹാരം, സമഗ്ര നയങ്ങൾ, ടി വ്യവസായ പദവി, സുഭദ്രമായ ബൗദ്ധിക സ്വത്തവകാശ രജിസ്ട്രി എന്നിവ നടപ്പിലാക്കുന്നത് ഗൗരവമായി കണക്കിലെടുക്കണം. ദുർബലരെ സംരക്ഷിക്കാനും ഉത്തരവാദിത്തം ഉറപ്പാക്കാനും സമതുലിതമായ  അന്തരീക്ഷം ഒരുക്കാനും അവശ്യമായ നിയമപരവും ഭരണപരവുമായ ചട്ടക്കൂടാണ് ഇവ. കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യാനുള്ള സുരക്ഷിത മാർഗ്ഗങ്ങൾ, വേതന സമത്വവും ന്യായമായ കരാറുകളും നടപ്പാക്കാനുള്ള സംവിധാനങ്ങൾ, ചൂഷണപരമായ ശൃംഖലകളിലുള്ള ആശ്രയത്വം കുറയ്ക്കുന്ന ഘടനകൾ എന്നിവ നൽകുകവഴി ഈ ചട്ടക്കൂട് നേരിട്ടുതന്നെ ലിംഗാതീതമായ ഉൾക്കൊള്ളൽ സാധ്യമാക്കുന്നു.

# നാളെകളിലെ സാങ്കേതികവിദ്യയും നൈപുണ്യ വികസനവും



## നാളെകളിലെ സാങ്കേതികവിദ്യയും നൈപുണ്യ വികസനവും

**ആമുഖം**

മലയാള സിനിമ ഒരു സുപ്രധാന വഴിത്തിരിവിലാണ്. ആനിമേഷൻ, വിഷ്വൽ എഫക്റ്റുകൾ, ഗെയിമിംഗ്, എക്സ്റ്റെൻഡെഡ് റിയാലിറ്റി, ഓൺലൈൻ സ്ട്രീമിംഗ് തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ സിനിമ നിർമ്മിക്കുന്നതിന്റെയും പങ്കുവെക്കുന്നതിന്റെയും രീതി മാറ്റിമറിക്കുകയാണ്. ഈ ഉപകരണങ്ങൾ സർഗ്ഗാത്മകതയ്ക്ക് പുതിയ മാനങ്ങളും കൂടുതൽ തൊഴിലവസരങ്ങളും കൊണ്ടുവരുന്നു; അതോടൊപ്പം വെല്ലുവിളികളും. ശരിയായ വൈദഗ്ധ്യങ്ങളോടെ നമ്മുടെ തൊഴിൽ ശക്തിയെ സജ്ജമാക്കാനും, എല്ലാവർക്കും, പ്രത്യേകിച്ച് സ്ത്രീകൾക്കും ലിംഗ ന്യൂനപക്ഷങ്ങൾക്കും അരികുവൽക്കരിക്കപ്പെട്ടവർക്കും തുല്യമായ പ്രവേശനം ഉറപ്പാക്കാനും ശ്രമിക്കണം.

മലയാള ചലച്ചിത്ര വ്യവസായം പുതിയ സാങ്കേതികവിദ്യയെ സ്വാഗതം ചെയ്യേണ്ടതിന്റെയും എല്ലാവർക്കും മതിയായ പരിശീലനം നൽകേണ്ടതിന്റെയും ചലച്ചിത്ര മേഖലയിലെ ജീവനക്കാരെയും അവരുടെ (സൃഷ്ടിപരമായ) പ്രവൃത്തിയേയും സംരക്ഷിക്കുന്നതിനായി ശക്തമായ നിയമനിർമ്മാണം നടത്തേണ്ടതിന്റെയും പ്രാധാന്യം ഈ ചർച്ചാരേഖ വിശദീകരിക്കുന്നു.

1. **AVGC-XR, VFX, ഗെയിമിംഗ്, OTT & വെർച്വൽ പ്രൊഡക്ഷൻ ഇക്കോസിസ്റ്റത്തിനായുള്ള നൈപുണ്യ വികസനം**

ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, എക്സ്റ്റെൻഡഡ് റിയാലിറ്റി (AVGC-XR), VFX, OTT കണ്ടന്റ് സ്ട്രാറ്റജി, വെർച്വൽ പ്രൊഡക്ഷൻ എന്നിവയിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകൾക്കായുള്ള ആവശ്യം ആഗോളതലത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ അർഹമായ മുന്നേറ്റം നടത്താൻ കഴിയാത്ത സാഹചര്യത്തിന്റെ സമ്മർദ്ദത്തിലാണ് കേരളം. പരിമിതമായ സാഹചര്യങ്ങളും പക്ഷപാതപരമായ ധാരണകളും മൂലം, സ്ത്രീകളുടെയും മറ്റ് പിന്നാക്കം നിൽക്കുന്ന ജാതി-വർഗ്ഗ വിഭാഗങ്ങളുടെയും പങ്കാളിത്തം ഈ സാങ്കേതിക മേഖലകളിൽ ഗണ്യമായ നിലയിൽ പിന്നിലാണ്.

**ശിപാർശകൾ:**

A. **സംസ്ഥാന ധനസഹായത്തോടെയുള്ള** AVGC-XR & **വെർച്വൽ പ്രൊഡക്ഷൻ അക്കാദമി:**

സംസ്ഥാന ഏജൻസികൾക്ക് കീഴിലുള്ള സ്കില്ലിംഗ് ഏജൻസികളുമായി സഹകരിച്ച് സമർപ്പിതവും ലോകോത്തര നിലവാരമുള്ളതുമായ കോഴ്സുകൾ ആരംഭിക്കുകയും, സബ്സിഡിയോടെയുള്ള, വ്യവസായ-അധിഷ്ഠിത ഡിപ്ലോമ/ഡിഗ്രി പ്രോഗ്രാമുകൾ ലഭ്യമാക്കുകയും ചെയ്യുക. എല്ലാ കോഴ്സുകളിലും സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ അപേക്ഷകർക്കും 50% നിർബന്ധിത സംവരണം നടപ്പിലാക്കുക, അതോടൊപ്പം സ്കോളർഷിപ്പുകളും മെന്റർഷിപ്പും നൽകുക.

B. **വകുപ്പ് തിരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾ:**

യൂണിയനുകളുമായും പ്രൊഡക്ഷൻ ഹൗസുകളുമായും സഹകരിച്ച് വകുപ്പുകൾക്കുള്ളിൽ (ഉദാഹരണത്തിന്, വെർച്വൽ പ്രൊഡക്ഷൻ പഠിക്കുന്ന സിനിമാട്ടോഗ്രാഫർമാർ; നൂതന VFX സംയോജനം പഠിക്കുന്ന എഡിറ്റർമാർ; XRന് വേണ്ടിയുള്ള ആർട്ട് ഡയറക്ടർമാർ) തീവ്ര, ഹ്രസ്വകാല, നൈപുണ്യ വികസന വർക്ക്ഷോപ്പുകൾ സബ്സിഡിയോടെ ലഭ്യമാക്കുക. പ്രാതിനിധ്യം കുറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള പങ്കാളിത്തത്തിന് മുൻഗണന നൽകുക.

C. **സമഗ്രമായ അപ്രന്റീസ്ഷിപ്പ് & പ്ലേസ്മെന്റ്:**

സംസ്ഥാന സബ്സിഡിയുള്ളതോ വലിയ ബഡ്ജറ്റുകളുള്ളതോ ആയ സിനിമകളിൽ ഈ കോഴ്സുകളിൽ നിന്നും, നൈപുണ്യ വികസന പരിപാടികളിൽ നിന്നും ബിരുദം നേടിയവർക്ക് ഒരു നിശ്ചിത ശതമാനം ജോലികൾ (CREW ) നിർബന്ധമാക്കുക, AVGC/VFX റോളുകളിൽ സ്ത്രീകളെയും പാർശ്വവൽക്കരിക്കപ്പെട്ട ലിംഗക്കാരെയും നിയമിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. ഇന്റേൺഷിപ്പുകൾക്കായി ആഗോള സ്റ്റുഡിയോകളുമായി പങ്കാളിത്തത്തിൽ എത്തുക.

D. **എല്ലാ ക്രൂ ജീവനക്കാർക്കും ഡിജിറ്റൽ സാക്ഷരത:**

ചലച്ചിത്ര വ്യവസായത്തിൽ പ്രവേശിക്കുന്ന എല്ലാ വ്യത്യസ്ത മേഖലകളിൽ ജോലി ചെയ്യുന്നവർക്കും അടിസ്ഥാന പരിശീലനം ഉറപ്പാക്കുന്ന (ഡാറ്റാ മാനേജ്മെന്റ്, ക്ലൗഡ് കൊളാബറേഷൻ, OTT പ്ലാറ്റ്ഫോം അവബോധം) സംയോജിത ഡിജിറ്റൽ സാക്ഷരത നൽകുക.

**2. സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ച് വ്യവസായ-അക്കാദമിക സഹകരണം ഉറപ്പാക്കുക**

സൈദ്ധാന്തിക അറിവും വ്യവസായ ആവശ്യങ്ങളും തമ്മിലുള്ള വിടവ് നികത്തുന്നത് അത്യന്താപേക്ഷികമാണ്. നിലവിലെ പല അക്കാദമിക പ്രോഗ്രാമുകൾക്ക് അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളും വ്യവസായ മേഖലയിൽ നിന്നുള്ള ഇടപെടലുകളും ലഭ്യമല്ല.

**ശിപാർശകൾ:**

A. സാംസ്കാരികവും സർഗാത്മകവുമായ വ്യവസായ - അക്കാദമിക ഹബ്ബായി കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്ട്സിനെ മാറ്റുക. കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിക്കുക. ഇത്തരം അത്യാധുനിക ലാബുകൾക്ക് (മോഷൻ ക്യാപ്ചർ, VR/XR, ഹൈ-എൻഡ് VFX) ധനസഹായം നൽകുക.

B. **തദ്ദേശീയ കഥകൾ കണ്ടെത്താനായി 'ഗവേഷണ സെൽ' ( R & D ):** സാമ്പത്തിക നിയന്ത്രണത്തോടെ വെർചൽ പ്രൊഡക്ഷൻ ടെക്നിക്കുകൾ ഉപയോഗിച്ച് മലയാളം കഥകൾ പറയുന്നതിനും, സാംസ്കാരികപരമായി പ്രസക്തമായ ഡിജിറ്റൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും, തദ്ദേശീയ ഭാഷാ കണ്ടന്റ് സൃഷ്ടിക്കുന്നതിനും/ പ്രാദേശികതയ്ക്കും AI ടൂളുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഒരു ഗവേഷണ സെൽ സ്ഥാപിക്കുക.

C **'ലിവിംഗ് ലാബ്' പ്രൊഡക്ഷനുകൾ:** ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പാർട്ണർ കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥി ടീമുകൾക്ക് പ്രൊഫഷണൽ മേൽനോട്ടത്തിൽ സിനിമ/ടിവി/OTT/ഗെയിമിംഗ് പ്രോജക്റ്റുകളിൽ നേരിട്ട് പ്രവർത്തിക്കാൻ അവസരമൊരുക്കുക. ഇത് ഈ മേഖലയിലേക്ക് കടന്നു വരുന്നവർക്ക് പ്രായോഗിക അനുഭവങ്ങൾ നേടാനും, നിർമ്മാതാക്കൾക്ക് അവരുടെ ബഡ്ജറ്റിനൊതുങ്ങുന്ന പുതിയ ടാലന്റുകളെ കണ്ടെത്താനും സഹായിക്കും.

D. **സമഗ്രമായ പാഠ്യപദ്ധതി രൂപകൽപ്പന:** കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളിലെ പാഠ്യപദ്ധതിയും ഗവേഷണ APകളും വൈവിധ്യമാർന്ന ടീമുമായി (വനിതാ ചലച്ചിത്ര പ്രവർത്തകർ, LGBTQIA+ ക്രിയേറ്റർമാർ, ദളിത്/ബഹുജൻ

കാഴ്ചപ്പാടുകളുള്ളവർ) സഹകരിക്കുന്നത് നിലവിലുള്ള നിയന്ത്രണങ്ങൾക്ക് ഉപകരിക്കും.

**3. പൈറസിയും കൂട്ടം ചേർന്നുള്ള വിദ്വേഷ പ്രചാരണങ്ങളും തടയുന്നതിന്**

ഡിജിറ്റൽ വിതരണം സിനിമാ മേഖലയിൽ വ്യാപകമായ പൈറസിക്ക് ഒരു പ്രധാന കാരണമാണ്. ഇത് വരുമാനത്തെ കാര്യമായി ബാധിക്കുന്നു. അതിനോടൊപ്പം തന്നെ, കൂട്ടം ചേർന്ന് ഓൺലൈൻ വഴി വിദ്വേഷ പ്രചാരണങ്ങൾ നടത്തുകയും ചെയ്യുന്നത് ഇപ്പോൾ സാധാരണമായിരിക്കുന്നു. പലപ്പോഴും സ്ത്രീവിരുദ്ധത, ഹോമോഫോബിയ, ജാതിവാദം എന്നിവ ആയുധമാക്കിക്കൊണ്ട് സിനിമകളെയും (പ്രത്യേകിച്ച് പുരോഗമനപരമോ ലിംഗഭേദം സംബന്ധിച്ച സിനിമകളോ) അതുമായി ബന്ധപ്പെട്ട വ്യക്തികളെയും (സ്ത്രീകൾ/LGBTQIA+ ക്രിയേറ്റർമാർ, നിരൂപകർ) ലക്ഷ്യം വയ്ക്കുകയും, സിനിമയുടെ റിലീസുകൾ അട്ടിമറിക്കാനും, പ്രതിഷേധിക്കുന്നവരെ നിശ്ശബ്ദമാക്കാനും ശ്രമങ്ങൾ നടക്കുന്നു.

**ശിപാർശകൾ:**

A. **സംസ്ഥാനതല ആന്റി-പൈറസി ടാസ്ക് ഫോഴ്സ്:** കേരളാ പോലീസ് സൈബർ വിംഗിനുള്ളിൽ ഒരു പ്രത്യേക സെൽ സ്ഥാപിക്കുക, നിർമ്മാതാക്കളുമായും വിതരണക്കാരുമായും OTT പ്ലാറ്റ്ഫോമുകളുമായും സഹകരിച്ച് പൈറേറ്റഡ് മലയാളം കോൺടെന്റ് ദ്രുതഗതിയിൽ നീക്കം ചെയ്യാനും, അതിന്റെ ഉറവിടങ്ങൾ കണ്ടെത്താനുമുള്ള നടപടികൾ സ്വീകരിക്കുക. ക്യാമ്പയിനുകൾ വഴി ഇതുമായി ബന്ധപ്പെട്ട നിയമപരമായ മുന്നറിയിപ്പുകൾ പൊതുജനങ്ങളിലേക്ക് കൂടുതൽ എത്തിക്കുക.

B. **വിദ്വേഷ പ്രചാരണങ്ങൾ തടയാൻ റാപ്പിഡ് റെസ്പോൺസ് പ്രോട്ടോക്കോൾ നടപ്പിലാക്കുക:** ചലച്ചിത്ര സംഘടനകളുടെ പ്രതിനിധികൾ അടങ്ങുന്ന ഒരു സംയുക്ത സമിതി ഇതിനായി രൂപീകരിക്കുക.

C. **അടിയന്തിര സാഹചര്യങ്ങളിലെ ഐക്യദാർഢ്യം :** ഏതെങ്കിലും സിനിമയെയോ ഈ മേഖലയിലെ വ്യക്തിയേയോ ലക്ഷ്യം വയ്ക്കുന്ന വിദ്വേഷ പ്രചാരണങ്ങളെ അപലപിച്ചുകൊണ്ട് ഏകീകൃത പൊതു പ്രസ്താവനകൾ അടിയന്തിരമായി പുറത്തിറക്കുക.

D. **നിയമപരമായ സഹായവും, ഡിജിറ്റൽ പിന്തുണയും:** സൈബർ അഭിഭാഷകർ, ഡിജിറ്റൽ ഫോറൻസിക് വിദഗ്ദ്ധർ, കൗൺസിലർമാർ എന്നിവരെ സൈബർ ആക്രമണത്തിന് വിധേയരായ വ്യക്തികൾക്ക്/സിനിമകൾക്ക് ലഭ്യമാക്കുക.

E. **പ്ലാറ്റ്ഫോം അക്കൗണ്ടബിലിറ്റി:** ഏകോപിതവും ആധികാരികമല്ലാത്തതുമായ പെരുമാറ്റങ്ങളും വിദ്വേഷ പ്രസംഗങ്ങളും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രചരിപ്പിക്കുന്ന ചാനലുകൾ/ പേജുകൾക്ക് ഇന്ത്യൻ ഐടി നിയമങ്ങൾ പ്രകാരമുള്ള അടിയന്തിര നിയമ നടപടികൾ ആരംഭിക്കുക.

F. **സജീവ നിരീക്ഷണവും സൈബർ ഭീഷണികളെ വിലയിരുത്തലും:** ഏകോപിത സൈബർ ആക്രമണങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ തിരിച്ചറിയാനായി നിർമ്മാതാക്കൾക്കും, സിനിമയുമായി ബന്ധപ്പെട്ട പ്രധാന വ്യക്തികൾക്കും വർക്ക്ഷോപ്പുകൾ ക്രമീകരിക്കുക. ഭീഷണിയുടെ സ്വഭാവത്തെ വിലയിരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കുക.

**4. AI, സൈബർ ഭീഷണികൾ എന്നിവ കൈകാര്യം ചെയ്യാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

സ്ക്രിപ്റ്റിംഗിലും VFX ലും ഡി-ഏജിംഗിലും പ്രാദേശികത നിലനിർത്തുന്നതിലും, പ്രേക്ഷക വിശകലനം കണ്ടെത്തുന്നതിലുമെല്ലാം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സഹായകരമാണ്. എന്നാൽ

പലപ്പോഴും ധാർമ്മികപരമായ പിഴവുകളും ആശങ്കകളും (പക്ഷപാതം,ഡീപ്ഫേക്കുകൾ, തൊഴിൽ നഷ്ടം എന്നിവയും) ഡാറ്റാ ലംഘനങ്ങൾ, പ്രൊഡക്ഷൻ സിസ്റ്റങ്ങളിൽ ransomware തുടങ്ങിയ സൈബർ ഭീഷണികളും AI ഉയർത്തുന്നുണ്ട്.

**ശിപാർശകൾ:**

A. **കേരളാ ഫിലിം AI എത്തിക്സ് ചാർട്ടർ (ധാർമ്മിക പ്രമാണപത്രം) :** ചലച്ചിത്ര പ്രവർത്തകർ, സാങ്കേതിക വിദഗ്ധർ, എഴുത്തുകാർ, നൈതിക വിദഗ്ധർ, ലിംഗ പഠന വിദഗ്ധർ, AI ഗവേഷകർ എന്നിവർ കൂടിയാലോചിച്ച് ചലച്ചിത്ര വ്യവസായത്തിന് അനുയോജ്യമായ ഒരു പ്രമാണപത്രം തയ്യാറാക്കുക.

B. **സ്വജനപക്ഷപാതം ലഘൂകരിക്കൽ:** കാസ്റ്റിംഗ് നിർദ്ദേശ അൽഗോരിതങ്ങൾ, സ്ക്രിപ്റ്റ് വിശകലനം തുടങ്ങിയവയ്ക്ക് AI ടൂളുകൾ ഉപയോഗിക്കുന്നതിനു മുമ്പ് ലിംഗഭേദം, ജാതി, തദ്ദേശീയ പക്ഷപാതം എന്നിവ സംബന്ധിച്ച ഡാറ്റകൾ ഓഡിറ്റ് ചെയ്യുന്നത് നിർബന്ധമാക്കുക.

C. **ഡീപ്ഫേക്ക് & സിന്തറ്റിക് മീഡിയ പ്രോട്ടോക്കോൾ:** അഭിനേതാക്കളെ പുനഃസൃഷ്ടിക്കുന്നതിനോ/ഡി-ഏജ് ചെയ്യുന്നതിനോ കൃത്രിമമായി സൃഷ്ടിക്കുന്നതിനോ AI ഉപയോഗിക്കുന്നതിന് വ്യക്തവും, ആ വ്യക്തിയുടെ അറിവോടു കൂടിയതുമായ അനുമതി നിഷ്കർഷിക്കുന്ന കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണം. അനുമതിയില്ലാത്ത ഡീപ്ഫേക്കുകൾ പൂർണ്ണമായി നിരോധിക്കണം.

D. **സ്വകാര്യതയും, പരസ്യവും:** AI ഉത്പാദിപ്പിച്ച ഘടകങ്ങൾ (പ്രധാനമായും VFX കഥാപാത്രങ്ങൾ, കൃത്രിമ ശബ്ദങ്ങൾ) ഉപയോഗിക്കുമ്പോൾ സ്ക്രീനിൽ ഇത് സംബന്ധിച്ച വ്യക്തമായ പരസ്യപ്പെടുത്തൽ ഉണ്ടാകണം.

E. **മനുഷ്യ മേൽനോട്ടവും സർഗാത്മക പ്രാമുഖ്യവും:** AI എന്നത് മനുഷ്യന്റെ സർഗ്ഗാത്മകതയെയും തീരുമാനത്തെയും മാറ്റിസ്ഥാപിക്കുന്ന ഒന്നാണ് എന്നുള്ളതിന് പകരം അവയെ പരിപോഷിപ്പിക്കാൻ സഹായിക്കുന്ന ഒരു ഉപകരണം മാത്രമാണ് എന്നുറപ്പിക്കുക.

F. **പ്രൊഡക്ഷനുകൾക്കായുള്ള സൈബർ സുരക്ഷാ പ്രോട്ടോക്കോളുകൾ:** സെൻസിറ്റീവ് ഫൂട്ടേജ്, സ്ക്രിപ്റ്റുകൾ, സാമ്പത്തിക ഡാറ്റ എന്നിവ സംരക്ഷിക്കുന്നതിനായി പ്രൊഡക്ഷനുകൾക്കായി നിർബന്ധിതമായും സൈബർ സുരക്ഷാ മാനദണ്ഡങ്ങൾ (എൻക്രിപ്റ്റ് ചെയ്ത ഡാറ്റാ സ്റ്റോറേജ്, സുരക്ഷിതമായ സഹകരണ ടൂളുകൾ, പതിവ് ബാക്കപ്പുകൾ, ഫിഷിംഗ് സംബന്ധിച്ച സ്റ്റാഫ് പരിശീലനം) തയ്യാറാക്കി നൽകുക. KSFDC/KSCA തുടങ്ങിയവ ഇവയ്ക്കു വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങളും പിന്തുണയും നൽകണം.

G. **നൈപുണ്യ പരിപാലനം:** വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകൾ/അക്കാഡമികൾ എന്നിവ, നൈപുണ്യ വികസന പരിപാടികളുടെ പ്രധാന പാഠ്യപദ്ധതിയിൽ, AI സംബന്ധിച്ച സാക്ഷരതയും അത് ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട ധാർമ്മിക പരിഗണനകളും ഉൾപ്പെടുത്തുക.

**സംഗ്രഹം**

മലയാള സിനിമ മാറ്റങ്ങളോട് വെറുതെ പ്രതികരിക്കുന്നതിനുപകരം സാങ്കേതിക ഭാവിയെ സജീവമായി രൂപപ്പെടുത്തേണ്ടതിന്റെ അടിയന്തിര ആവശ്യകത ഈ രേഖ വിവരിക്കുന്നു.

പ്രത്യേകിച്ച് ഓൺലൈൻ വികാരപ്രകടനങ്ങളും ഏകോപിത ആക്രമണങ്ങളും സംബന്ധിച്ച് സജീവ നിരീക്ഷണത്തിന്റെയും അപായസൂചനാ വിലയിരുത്തലിന്റെയും പ്രാധാന്യത്തിന് ഇത് ഊന്നൽ നൽകുന്നു. ഈ വെല്ലുവിളികൾക്ക് നിർമ്മാതാക്കളെയും സർഗ്ഗാത്മക പ്രവർത്തകരെയും സജ്ജമാക്കുന്നതിന് ശില്പശാലകളും വ്യക്തമായ മാർഗനിർദ്ദേശങ്ങളും ശിപാർശ ചെയ്യുന്നു. തൊഴിൽക്രമത്തിന്റെ ഭാഗമായി നിർമിത ബുദ്ധി കൂട്ടിച്ചേർക്കുന്നതിലൂടെ സ്ക്രിപ്റ്റിംഗ്, VFX, അനലിറ്റിക്സ് എന്നിവയിൽ വലിയ മുന്നേറ്റങ്ങളും അതുവഴി അവസരങ്ങളും സംജാതമാകുന്നു. അതേ സമയം യാന്ത്രിക പക്ഷപാതം, ഡീപ്ഫേക്ക് (യഥാതഥമായി തോന്നിക്കുന്ന കൃത്രിമ/വ്യാജ ദൃശ്യശ്രാവ്യ ചിത്രീകരണം), തൊഴിൽനഷ്ടം (ചില തൊഴിൽമേഖലകൾ അപ്രസക്തമാകുന്നതിലൂടെയുണ്ടാവുന്നത്), സൈബർസുരക്ഷാ പ്രശ്നങ്ങൾ എന്നിങ്ങനെ ഗുരുതരമായ ധാർമ്മിക ആശങ്കകളും കൂടെ വരുന്നു. ഇവ പരിഹരിക്കാൻ, വ്യാപകമായ വ്യവസായ പര്യാലോചനകളിലൂടെ വികസിപ്പിച്ച കേരള ഫിലിം AI എത്തിക്സ് ചാർട്ടർ, AI ഉപകരണങ്ങളിലെ പക്ഷപാതം മറികടക്കുന്നതിനുള്ള ഉപായങ്ങൾ, സിന്തറ്റിക് മീഡിയയ്ക്കുള്ള കർശന സമ്മത പ്രോട്ടോക്കോളുകൾ, AI സൃഷ്ടിച്ച ഉള്ളടക്കത്തെക്കുറിച്ചുള്ള സുതാര്യത, സർഗ്ഗാത്മക പ്രക്രിയയിൽ മനുഷ്യ മേൽനോട്ടം ഉറപ്പുവരുത്തൽ എന്നിവ രേഖ നിർദ്ദേശിക്കുന്നു. കൂടാതെ, ശക്തമായ സൈബർ സുരക്ഷാ മാനദണ്ഡങ്ങളും ചലച്ചിത്ര വിദ്യാഭ്യാസത്തിൽ AI സാക്ഷരതയും ധാർമ്മികതയും ഉൾപ്പെടുത്തുന്നതിനായും വാദിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന സമഗ്രമായ നൈപുണ്യ വികസനത്തിന് മുൻഗണന നൽകി, ഗവേഷണവും വികസനവും പിന്തുണച്ച്, പൈറസിയും വിദ്വേഷ പ്രചരണങ്ങളും ചെറുത്ത്, AI യ്ക്കുള്ള ശക്തമായ ധാർമ്മിക മാർഗനിർദ്ദേശങ്ങൾ നടപ്പാക്കി മലയാള സിനിമയ്ക്ക് സ്വന്തം ഭാവി ഉത്തരവാദിത്തത്തോടെ കരുപ്പിടിപ്പിക്കാൻ കഴിയുമെന്ന നിഗമനത്തിലേക്ക് ഈ രേഖ ചുരുക്കാം.

# സബ് പാനൽ

## പ്രാദേശിക കലാകാരന്മാരെയും മലയാളത്തിലുള്ള സ്വതന്ത്ര സിനിമയെയും ശാക്തീകരിക്കൽ

## പ്രാദേശിക കലാകാരന്മാരെയും മലയാളത്തിലുള്ള സ്വതന്ത്ര സിനിമയെയും ശാക്തീകരിക്കൽ

മലയാള സിനിമയുടെ ശക്തിയും സൗന്ദര്യവും നിലനിൽക്കുന്നത് വാണിജ്യ ഘടകങ്ങളിൽ മാത്രമല്ല- സ്വതന്ത്ര ശബ്ദങ്ങൾ, പ്രാദേശിക പ്രതിഭ, ധീരവും വിമർശനാത്മകവുമായ കഥനരീതികൾ എന്നിവയിലും കൂടിയാണ്. കേൾക്കപ്പെടാത്ത ശബ്ദങ്ങൾ മുഖ്യധാരയിലെത്തിക്കുന്നത് പലപ്പോഴും സ്വതന്ത്ര സിനിമാ മേഖലയാണ്. ഈ മേഖല മലയാള സിനിമയുടെ കലാപരതയ്ക്കും സാംസ്കാരിക ഔന്നത്യത്തിനും സുസ്ഥിരഭാവിക്കും നിർണായകമാണ്. ഈ സർഗാത്മക ചുറ്റുപാട് നിർമിക്കാനുള്ള പ്രായോഗികവശങ്ങളെ ഈ ചർച്ചാരേഖ പരിശോധിക്കുന്നു.

### 1. നിരൂപക പ്രശംസ നേടിയ സിനിമകൾക്ക് സാമ്പത്തിക സഹായവും ആഗോള പ്രചാരണത്തിനുള്ള ഇടപെടലുകളും

നിരൂപക പ്രശംസ നേടിയ സ്വതന്ത്ര സിനിമകൾക്ക് പലപ്പോഴും കുറഞ്ഞ ബജറ്റും, പരിമിതമായ മാർക്കറ്റിംഗും, അന്താരാഷ്ട്ര ചലച്ചിത്ര മേളകളിൽ സമർപ്പിക്കാനോ സെയിൽസ് ഏജന്റുമാരെ ഏർപ്പാടാക്കാനോ ഉള്ള വിഭവങ്ങളുടെ കുറവും കാരണം ബുദ്ധിമുട്ടുകൾ നേരിടാറുണ്ട്. ഇത് അവയുടെ പ്രചാരത്തെയും സാമ്പത്തിക നിലനിൽപ്പിനെയും തടസ്സപ്പെടുത്തുന്നു.

**ശിപാർശകൾ:**

'മലയാളം ഇൻഡി വിഷൻ ഫണ്ട്': ചലച്ചിത്ര അക്കാദമിയുടെ കീഴിൽ ഒരു പ്രത്യേക ഫണ്ട് സ്ഥാപിക്കുക. Cannes, Berlinale, Venice, TIFF, Locarno, Busan തുടങ്ങിയ പ്രമുഖ അന്താരാഷ്ട്ര ചലച്ചിത്ര മേളകളിൽ തിരഞ്ഞെടുക്കപ്പെട്ടതോ ദേശീയ അവാർഡുകളോ (ദേശീയ അവാർഡുകൾ, IFFI) നേടിയതോ ആയ മലയാള സ്വതന്ത്ര സിനിമകളുടെ പോസ്റ്റ്-പ്രൊഡക്ഷൻ, മാർക്കറ്റിംഗ്, ഫെസ്റ്റിവൽ/വിതരണ പിന്തുണ എന്നിവയ്ക്കായി ഈ ഫണ്ട് ഉപയോഗിക്കാം.

A. 'മലയാളം ഇൻഡി വിഷൻ ഫണ്ട്' താഴെ പറയുന്ന കാര്യങ്ങൾക്കായി ഉപയോഗിക്കണം

- ഉയർന്ന നിലവാരമുള്ള DCP നിർമ്മാണം.
- പ്രധാന ഭാഷകളിൽ സബ്ടൈറ്റിലിംഗ്.
- ഫെസ്റ്റിവൽ സബ്മിഷൻ ഫീസ്.
- സംവിധായകൻ/പ്രധാന അണിയറ പ്രവർത്തകർക്ക് യാത്രാ ഗ്രാന്റുകൾ.
- അന്താരാഷ്ട്ര വിപണികൾക്കായി സെയിൽസ് ഏജന്റുമാരെയോ PR കൺസൾട്ടന്റുമാരെയോ നിയമിക്കൽ.
- ആഗോള OTT/പ്ലാറ്റ്ഫോം ലഭിക്കുന്നതിനുള്ള തന്ത്രപരമായ ഡിജിറ്റൽ മാർക്കറ്റിംഗ്.

### 2. 'ഗ്ലോബൽ കേരള സിനിമ' പ്രൊമോഷൻ യൂണിറ്റ്:

അവാർഡ് നേടിയ/പ്രശംസ നേടിയ മലയാള സ്വതന്ത്ര സിനിമകളെ അന്താരാഷ്ട്ര മേളകളിലേക്കും സെയിൽസ് ഏജന്റുമാരിലേക്കും വിതരണക്കാരിലേക്കും സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലേക്കും സജീവമായി പ്രോത്സാഹിപ്പിക്കുന്നതിനായി ചലച്ചിത്ര അക്കാദമിയുടെയും KSFDCയുടെയും നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സംഘത്തെ രൂപീകരിക്കുക. അന്താരാഷ്ട്ര വിപണിക്കായി ഒരു ക്യൂറേറ്റഡ് കാറ്റലോഗ് ലഭ്യമാക്കുകയും, അതിന്റെ പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

### 3. നെക്സ്റ്റ് ജനറേഷൻ പരിപോഷണം:

**പ്രശംസ നേടിയ 'വിദ്യാർത്ഥി പ്രോജക്റ്റുകൾക്ക്' സഹായം:** പ്രാദേശിക/ദേശീയ തലത്തിൽ വലിയ അംഗീകാരം നേടിയ മികച്ച വിദ്യാർത്ഥിസിനിമകൾക്ക് പലപ്പോഴും കൂടുതൽ വികസനത്തിനോ

പ്രചാരത്തിനോ ഉള്ള വഴികളില്ലാതെ പോകാറുണ്ട്, ഇത് വളർന്നുവരുന്ന പ്രതിഭകളെ ഈ മേഖലയ്ക്ക് നഷ്ടപ്പെടുത്തുന്നു.

**ശിപാർശകൾ:**

A. **'നെക്സ്റ്റ് വേവ്' ഡെവലപ്മെന്റ് ഗ്രാന്റ്:** പ്രധാന ദേശീയ/അന്താരാഷ്ട്ര വിദ്യാർത്ഥി മേളകളിൽ മികച്ച അംഗീകാരം നേടിയതോ നിരൂപക പ്രശംസ നേടിയതോ ആയ ഹ്രസ്വചിത്രങ്ങൾ/ഡോക്യുമെന്ററികൾ ചെയ്ത വിദ്യാർത്ഥി ചലച്ചിത്രകാരന്മാർക്ക് (കേരളത്തിലെ സ്ഥാപനങ്ങളിൽ നിന്നുള്ളവർക്ക്) ഗണ്യമായ ഗ്രാന്റുകൾ നൽകുക.

- ആദ്യ ഫീച്ചർ ഫിലിം തിരക്കഥയ്ക്ക്.
- ഉയർന്ന നിലവാരമുള്ള പ്രൂഫ്-ഓഫ്-കൺസെപ്റ്റ്/ട്രെയിലർ നിർമ്മാണം.
- സ്വതന്ത്ര ചലച്ചിത്ര നിർമ്മാണങ്ങൾക്കു നൽകുക.
- കേരള ഫിലിം മാർക്കറ്റ് (KFM) പോലുള്ള വേദികളിൽ അവതരണത്തിനുള്ള അവസരങ്ങൾ.

B. **'കേരള സ്റ്റുഡന്റ് ഫിലിം സ്പോട്ട്ലൈറ്റ്':** സംസ്ഥാനത്ത് നിന്നുള്ള നിരൂപക പ്രശംസ നേടിയ മികച്ച വിദ്യാർത്ഥി ഹ്രസ്വചിത്രങ്ങൾ/ഡോക്യുമെന്ററികൾ മാത്രം പ്രദർശിപ്പിക്കുന്ന ഒരു പ്രത്യേക, മത്സരമില്ലാത്ത വിഭാഗം IDSFFK-യുമായും മറ്റ് പ്രധാന കേരള മേളകളുമായും ചേർന്ന് സൃഷ്ടിക്കുക. ഇതിന് സിനിമാ വ്യവസായത്തിലെ പ്രധാനപ്പെട്ട ആളുകളുടെയും മാധ്യമങ്ങളുടെയും ശ്രദ്ധ ഉറപ്പാക്കണം.

### 4. മേളകളിലൂടെ മുഖ്യധാരാ-സ്വതന്ത്ര സിനിമകളുടെ സംയോജനം

സ്വതന്ത്ര മലയാള സിനിമയും മുഖ്യധാരാ മലയാള സിനിമയും പലപ്പോഴും ഒറ്റപ്പെട്ടാണ് പ്രവർത്തിക്കുന്നത്. ഇത് പ്രതിഭകളുടെയും ആശയങ്ങളുടെയും പ്രേക്ഷകരുടെയും സംയോജനത്തെ പരിമിതപ്പെടുത്തുന്നു.

**ശിപാർശകൾ:**

A. **പ്രധാന മേളകളിൽ നിർബന്ധിത 'മലയാളം ഇൻഡി സ്പോട്ട്ലൈറ്റ്':** കേരളത്തിലെ പ്രധാന മേളകളിലും (IFFK, പ്രാദേശിക ചലച്ചിത്രമേളകൾ) സിനിമാ വ്യവസായത്തിന്റെ മുഖ്യധാരാ പരിപാടികളിലും - നിലവിലുള്ള മലയാള സ്വതന്ത്ര ഫീച്ചർ സിനിമകൾക്കും ഡോക്യുമെന്ററികൾക്കുമായി പ്രാധാന്യമുള്ളതും ശ്രദ്ധേയവുമായ ഒരു ഇടം നിർബന്ധമാക്കണം.

B. **മേളകളിലെ 'ഇൻഡസ്ട്രി കണക്റ്റ്' ഫോറങ്ങൾ:** പ്രധാന മേളകളിലും നെറ്റ്വർക്കിങ് പരിപാടികളിലും, ഇവർക്കായി പിച്ച് സെഷനുകൾ, മാസ്റ്റർ ക്ലാസ്സുകൾ എന്നിവ ഉൾപ്പെടുത്തുക. ശ്രദ്ധിക്കപ്പെട്ട സ്വതന്ത്ര ചലച്ചിത്രകാരന്മാരെ, മുഖ്യധാരാ നിർമ്മാതാക്കൾ, വിതരണക്കാർ, സാമ്പത്തിക സഹായം നൽകുന്നവർ, പുതിയ സഹകരണങ്ങൾ തേടുന്ന സാങ്കേതിക വിദഗ്ധർ എന്നിവരുമായി ബന്ധിപ്പിക്കുന്നതിന് ഇത് സഹായിക്കും.

C. **മുഖ്യധാരാ ജൂറിയിൽ ഉൾപ്പെടുത്തൽ:** ചലച്ചിത്ര അവാർഡുകൾക്കും സംസ്ഥാന പിന്തുണയുള്ള പ്രോജക്ട് വിംഗിനും ഉള്ള സെലക്ഷൻ കമ്മിറ്റികളിലും ജൂറികളിലും സ്വതന്ത്ര ചലച്ചിത്ര നിർമ്മാണ സമൂഹത്തിൽ നിന്നുള്ള ആദരണീയരായ വ്യക്തികളെ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പാക്കുക.

### 5. സ്വതന്ത്ര സിനിമയെ ജനകീയമാക്കുന്നു: ഫിലിം സൊസൈറ്റികൾ/ക്ലബ്ബുകൾ വഴിയുള്ള അടിസ്ഥാന ഇടപെടൽ

സ്വതന്ത്ര സിനിമകൾക്ക് നഗരങ്ങളിലെ ഫെസ്റ്റിവൽ കാണികൾക്കപ്പുറം പ്രേക്ഷകരെ കണ്ടെത്താൻ

പ്രയാസമാണ്. ഇത് കേരളത്തിനുള്ളിൽ അവയ്ക്കു ചെലുത്താൻ കഴിയുന്ന സാംസ്കാരിക സ്വാധീനത്തെയും സാമ്പത്തികപരമായ നിലനിൽപ്പിനെയും പരിമിതപ്പെടുത്തുന്നു.

**ശിപാർശകൾ:**

A. **'ഇൻഡി കേരള' സ്ക്രീനിംഗ് സർക്യൂട്ട്:** ചലച്ചിത്ര അക്കാദമി, ഫിലിം സൊസൈറ്റികൾ, ജില്ലാ സാംസ്കാരിക കൗൺസിലുകൾ എന്നിവയെ ബന്ധിപ്പിച്ച് ഒരു ഔപചാരിക ശൃംഖല സ്ഥാപിക്കുക. സമീപ കാലങ്ങളിൽ നിരൂപക പ്രശംസ നേടിയ മലയാള സ്വതന്ത്ര സിനിമകളുടെ (ഫീച്ചറുകളും ഹ്രസ്വചിത്രങ്ങളും) ക്യൂറേറ്റഡ് പാക്കേജുകൾ, സന്ദർഭോചിതമായ കുറിപ്പുകൾ/ചർച്ചാ ഗൈഡുകൾ എന്നിവയോടൊപ്പം പട്ടണങ്ങളിലും ഗ്രാമങ്ങളിലും നിരന്തരം പ്രദർശിപ്പിക്കാൻ അവസരങ്ങൾ നൽകുക.

B. **സബ്സിഡി നിരക്കിൽ സ്ക്രീനിംഗ്:** സംസ്ഥാനത്തിന്റെ അംഗീകാരത്തോടെ, നിരൂപക പ്രശംസ നേടിയ മലയാള സ്വതന്ത്ര സിനിമകൾ പ്രദർശിപ്പിക്കുന്ന ഫിലിം സൊസൈറ്റികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്ക്രീനിംഗ് ഫീസിൽ വലിയ കുറവോ ഒഴിവാക്കലോ നൽകുക.

C. **'ഫിലിം മേക്കർ ഇൻ കൺവർസേഷൻ' ടൂറുകൾ:** പ്രാദേശികമായി സിനിമകൾ പ്രദർശിപ്പിക്കുന്ന സ്വതന്ത്ര സംവിധായകർക്ക് (പ്രത്യേകിച്ച് സ്ത്രീകളും പാർശ്വവൽക്കരിക്കപ്പെട്ട കലാകാരന്മാരും) പ്രാദേശിക ടൂറുകൾക്ക് ധനസഹായം നൽകുക.ഇത് ഫിലിം സൊസൈറ്റികൾ വഴി പ്രേക്ഷകരുമായി നേരിട്ട് സംവദിക്കാനും (ചോദ്യോത്തര സെഷനുകൾ, വർക്ക്ഷോപ്പുകൾ) അവസരം നൽകും.

D. **പ്രത്യേക OTT വിഭാഗം:** പ്രധാന ഇന്ത്യൻ OTT പ്ലാറ്റ്ഫോമുകളുമായി സഹകരിച്ച്, നിരൂപക പ്രശംസ നേടിയ സിനിമകൾ പ്രദർശിപ്പിക്കുന്ന 'കേരള ഇൻഡി' അല്ലെങ്കിൽ 'മലയാളം ആർട്ട്ഹൗസ്' എന്ന് പേരുള്ള ഒരു പ്രത്യേക വിഭാഗം ഉണ്ടാക്കുക.

## 6. സ്ത്രീകൾക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും പ്രത്യേക പിന്തുണ

ഫണ്ടിംഗ്, നെറ്റ്വർക്കുകൾ, സ്വതന്ത്ര സിനിമ നിർമ്മാണത്തിനുള്ള അവസരങ്ങൾ എന്നിവ ലഭിക്കുന്നതിൽ സ്ത്രീകൾ, LGBTQIA+, എസ് സി-എസ്ടി, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട വ്യക്തികൾക്ക് തടസ്സങ്ങൾ നേരിടുന്നുണ്ട്.

**ശിപാർശകൾ:**

A. **'ഇക്വിറ്റി ഇൻ ഇൻഡി' പ്രൊഡക്ഷൻ ഗ്രാന്റ്:** 'മലയാളം ഇൻഡി വിഷൻ ഫണ്ടി'നുള്ളിൽ സ്ത്രീകളും SC,ST,LGBTQIA+ വിഭാഗങ്ങളിൽ നിന്നുള്ള ചലച്ചിത്രകാരന്മാർ ചെയ്യുന്ന ആദ്യകാല/പുതിയ ഫീച്ചറുകൾക്കും ഡോക്യുമെന്ററികൾക്കും മാത്രമായി ഒരു ഫണ്ട് രൂപീകരിക്കുക. മികച്ച കലാപരമായ സാധ്യതകളും അതുല്യമായ കാഴ്ചപ്പാടുകളുമുള്ള അപേക്ഷകൾക്ക് മുൻഗണന നൽകണം.

B. **റെസിഡൻസി പ്രോഗ്രാമുകൾ:** പാർശ്വവൽക്കരിക്കപ്പെട്ട കലാകാരന്മാരെ മുഖ്യധാരാ സ്വതന്ത്ര ചലച്ചിത്രകാരന്മാരുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് മാർഗ്ഗനിർദ്ദേശ പരിപാടികൾ സംഘടിപ്പിക്കുക. കൂടാതെ, സ്ക്രിപ്റ്റ് വികസനത്തിനോ പോസ്റ്റ്-പ്രൊഡക്ഷനോ ഊന്നൽ നൽകുന്ന ധനസഹായമുള്ള റെസിഡൻസി പരിപാടികൾ വാഗ്ദാനം ചെയ്യുക.

C. **മുൻഗണന ഉറപ്പാക്കൽ:** സ്ത്രീകളും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളും നേതൃത്വം നൽകുന്ന പ്രോജക്റ്റുകൾക്ക് നിർദ്ദേശിക്കപ്പെട്ട ഇന്റഗ്രേറ്റഡ് മീഡിയ പ്രൊഡക്ഷൻ

ഹബ്ബുകളിലേക്കും KSFDC സൗകര്യങ്ങളിലേക്കും മുൻഗണനയും സബ്സിഡിയുള്ള പ്രവേശനവും ഉറപ്പാക്കുക.

D. **കൂട്ടായ്മയും നെറ്റ്‌വർക്കിങ് പിന്തുണയും:** സ്വതന്ത്ര മേഖലയിലെ പാർശ്വവൽക്കരിക്കപ്പെട്ട കലാകാരന്മാർക്ക് പരസ്പര പിന്തുണ നൽകുന്ന നെറ്റ്‌വർക്കുകൾ നിർമ്മിക്കുന്നതിനും വിഭവങ്ങൾ പങ്കിടുന്നതിനും വ്യവസായ വെല്ലുവിളികളെ നേരിടുന്നതിനുമായി, പ്രത്യേകം രൂപകൽപ്പന ചെയ്യുന്ന വർക്ക്ഷോപ്പുകൾക്കും നെറ്റ്‌വർക്കിങ് പരിപാടികൾക്കും ധനസഹായം നൽകുക.

E. **തിരഞ്ഞെടുപ്പ് കമ്മിറ്റികളിൽ വൈവിധ്യമാർന്ന പ്രാതിനിധ്യം:** സംസ്ഥാന ഇൻഡി ഫിലിം ഗ്രാന്റുകൾ നൽകുന്നതിനും, മേളകളിലേക്ക് സിനിമകൾ തിരഞ്ഞെടുക്കുന്നതിനും, വികസന പരിപാടികളിലേക്ക് പങ്കാളികളെ തിരഞ്ഞെടുക്കുന്നതിനുമുള്ള കമ്മിറ്റികളിൽ സ്ത്രീകളുടെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെയും ഗണ്യമായ പ്രാതിനിധ്യം നിർബന്ധമാക്കുക.

**ചുരുക്കം**

സ്വതന്ത്ര ചലച്ചിത്ര പ്രവർത്തകരുടെ ഉയർന്ന നിലവാരമുള്ള സൃഷ്ടികൾക്ക് അനുയോജ്യമായ സാമ്പത്തിക സഹായവും പ്രചാരണ സഹായവും നൽകുന്നതിലൂടെയും, ചലച്ചിത്രോത്സവങ്ങളിലൂടെയും വിപണികളിലൂടെയും സ്വതന്ത്ര-മുഖ്യധാര മേഖലകൾ തമ്മിൽ സംയോജിപ്പിക്കാനും പരസ്പരം കൊടുക്കൽ വാങ്ങലുകളുള്ള ഇടമായി അതിനെ മാറ്റിയെടുക്കാനും കഴിയും. ഫിലിം സൊസൈറ്റികളിലൂടെയും അവരുടെ പ്രദർശനങ്ങളിലൂടെയും പ്രാദേശിക പ്രേക്ഷകരെ സജീവമായി വളർത്തുന്നതിലൂടെ പാർശ്വവത്കൃതരായ ചലച്ചിത്ര പ്രവർത്തകർക്കായി പങ്കാളിത്ത നടപടികൾ നടപ്പിലാക്കുന്നതിലൂടെ വേണം കേരളത്തിന് ചലനാത്മകവും സ്വയം പര്യാപ്തവുമായ സർഗാത്മകാന്തരീക്ഷം സൃഷ്ടിക്കാൻ. ഈ ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിന് സംസ്ഥാനവും (KSFDC, KSCA), വ്യവസായ സ്ഥാപനങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും മുഖ്യധാരയും ഫിലിം സൊസൈറ്റികളും കൂട്ടായി ഉത്തരവാദിത്തമേറ്റെടുക്കേണ്ടതുണ്ട്.

KERALA
FILM POLICY
CONCLAVE
നല്ല സിനിമ നല്ല നാളെ



# തിയേറ്ററുകൾ, ഇ-ടിക്കറ്റിംഗ്, വിതരണക്കാർ, പ്രദർശകർ: മലയാള സിനിമയുടെ തിയേറ്റർ രംഗത്തിന്റെ കാര്യക്ഷമതയ്ക്കുള്ള വിപണി അധിഷ്ഠിത പരിഷ്കാരങ്ങൾ

## തിയേറ്ററുകൾ, ഇ-ടിക്കറ്റിംഗ്, വിതരണക്കാർ, പ്രദർശകർ: മലയാള സിനിമയുടെ തിയേറ്റർ രംഗത്തിന്റെ ആരോഗ്യത്തിനായുള്ള വിപണി അധിഷ്ഠിത പരിഷ്കാരങ്ങൾ

മലയാള സിനിമയുടെ സർഗാത്മകമായ തിരിച്ചുവരവിന് അതിന്റെ പ്രധാന വിപണി ഘടനകളായ തിയേറ്ററുകൾ, വിതരണം, ടിക്കറ്റിംഗ് എന്നിവയുടെ സമാന്തരമായ പുനരുജ്ജീവനം ആവശ്യമാണ്. കലാപരമായ മികവ് അംഗീകാരം നേടുമ്പോൾ, സുസ്ഥിരമായ ലാഭക്ഷമതയും പ്രേക്ഷകരിൽ എത്തിച്ചേരുന്നതും ആരോഗ്യകരവും ആധുനികവൽക്കരിച്ചതുമായ പ്രദർശന മേഖലയും വളരെ പ്രധാനമാണ്.എന്നാൽ ഉയർന്ന പ്രവർത്തനച്ചെലവുകൾ, സുതാര്യമല്ലാത്ത സാമ്പത്തിക ഒഴുക്ക്, കാലഹരണപ്പെട്ട സമ്പ്രദായങ്ങൾ എന്നിവ ഈ മേഖലയെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. മലയാള സിനിമകളുടെ വാണിജ്യസാധ്യത വർദ്ധിപ്പിക്കുന്നതിനും വ്യവസായ വരുമാനം വർദ്ധിപ്പിക്കുന്നതിനും തിയേറ്ററുകൾ സജീവമായ സാംസ്കാരിക കേന്ദ്രങ്ങളായി നിലനിർത്തുന്നതിനും ആവശ്യമായ പ്രായോഗികവും വിപണി കേന്ദ്രീകൃതവുമായ പരിഷ്കാരങ്ങൾ ഈ ചർച്ചാരേഖയിൽ വിശദീകരിക്കുന്നു. തിരക്കേറിയ വിനോദരംഗത്ത് ഫലപ്രദമായി മത്സരിക്കുന്നതിനും തുടർച്ചയായ വളർച്ചയ്ക്കുള്ള സാമ്പത്തിക അടിത്തറ ഉറപ്പാക്കുന്നതിനും ഈ നടപടികൾ നിർണ്ണായകമാണ്.

**ശിപാർശകൾ:**

### 1. വിനോദ നികുതി യുക്തിസഹമാക്കുക, ഡിമാൻഡിനെയും വരുമാനത്തെയും ഉത്തേജിപ്പിക്കുക

കേരളത്തിലെ സിനിമാ ടിക്കറ്റുകളുടെ നിലവിലെ നികുതി ഘടന (ജി.എസ്.ടി. + സംസ്ഥാന വിനോദ നികുതി) ഉപഭോക്താക്കളുടെ സാമ്പത്തികഭാരം വർധിപ്പിക്കുന്നു. ഇത് ഡിമാൻഡിലും ആഘാതമുണ്ടാക്കുന്നു- പ്രത്യേകിച്ചും മിഡ്-ബഡ്ജറ്റ് / പരീക്ഷണ ചിത്രങ്ങൾക്ക്. ഉയർന്ന ടിക്കറ്റ് വിലകൾ പ്രേക്ഷകരെ വിലകുറഞ്ഞതോ നിയമവിരുദ്ധമോ ആയ ബദലുകളിലേക്ക് നയിക്കുന്നുണ്ട്.

A. **സംസ്ഥാന നികുതിയിൽ കുറവ് ആവശ്യപ്പെടുക**

- സി.ബി.എഫ്.സി. സാക്ഷ്യപ്പെടുത്തിയ മലയാള സിനിമകളുടെ സിനിമാ ടിക്കറ്റുകളിന്മേലുള്ള വിനോദ നികുതിയുടെ സംസ്ഥാനത്തിന്റെ പങ്ക് ഗണ്യമായി കുറയ്ക്കുന്നതിന് ആവശ്യം ഉയർന്നിട്ടുണ്ട്. ഇതിൽ സർക്കാർ തിരിച്ചറിഞ്ഞ് ഫലപ്രദമായ ഇടപെടൽ നടത്തേണ്ടതുണ്ട്. ഇത് ഉപഭോക്താക്കൾ നൽകേണ്ടുന്ന വിലകളിൽ നേരിട്ടു കുറവു വരുത്തും.

B. **വരുമാനത്തിന്റെ നിഷ്പക്ഷത/വളർച്ച പ്രകടിപ്പിക്കൽ**

- കുറഞ്ഞ നികുതി നിരക്കുകൾ എങ്ങനെ കൂടുതൽ ആളുകളെ ആകർഷിക്കുമെന്നും, അതുവഴി മൊത്തത്തിലുള്ള നികുതി വരുമാനവും (കൂടിയ അളവിന്മേലുള്ള ജി.എസ്.ടി. വഴി) ഉപഭോക്താക്കളുടെ അനുബന്ധ ചെലവുകളും (ഭക്ഷണം, പാനീയം, ഗതാഗതം) വർദ്ധിക്കുകയും ചെയ്യുമെന്നുള്ളത് ബോധ്യപ്പെടുത്തുക.

C. **ശ്രേണികളായുള്ള നികുതി ഘടന**

- കുറഞ്ഞ ബഡ്ജറ്റ്/ആർട്ട് ഹൗസ് സിനിമകൾക്ക് സംസ്ഥാന നികുതി ഒട്ടും ഇല്ലാതിരിക്കുകയും, വലിയ വാണിജ്യ റിലീസുകൾക്ക് ഒരു നിശ്ചിത നിരക്കും ഈടാക്കുന്ന, തട്ടുകളായുള്ള നികുതി സമ്പ്രദായം കൊണ്ടുവരുന്നതിനെക്കുറിച്ച് പഠനം നടത്തുക. ഇത് നിർമ്മാണ വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കും.

**2. പ്രവർത്തന ഭാരം കുറയ്ക്കുക**

തിയേറ്റർ പരിപാലന ചെലവുകൾ കുറയ്ക്കാനുപകരിക്കുന്ന നടപടികൾ സ്വീകരിക്കണം. ഉയർന്ന വൈദ്യുതി നിരക്കുകൾ, തദ്ദേശ സ്ഥാപന ലൈസൻസ് ഫീസുകൾ, വർദ്ധിച്ചുവരുന്ന സുരക്ഷാ ചെലവുകൾ എന്നിവ തിയേറ്റർ ഉടമകളുടെ, പ്രത്യേകിച്ച് സിംഗിൾ-സ്ക്രീൻ തിയേറ്ററുകളുടെയും പഴയ മൾട്ടിപ്ലക്സുകളുടെയും ലാഭക്ഷമതയ്ക്ക് ആഘാതമുണ്ടാക്കുന്നു. ഇത് അടച്ചുപൂട്ടലുകളിലേക്കോ അറ്റകുറ്റപ്പണികൾ നീട്ടിവയ്ക്കുന്നതിലേക്കോ നയിക്കുന്നു.

A. **വ്യവസായ പദവി ഇളവ്**

ഔദ്യോഗിക 'വ്യവസായ പദവി'ക്കായുള്ള സമ്മർദ്ദം ഉപയോഗിച്ച് ഇളവുകൾ നേടുക.

**വ്യാവസായിക വൈദ്യുതി താരിഫ്:**

സാധാരണ വാണിജ്യ നിരക്കുകളേക്കാൾ ഗണ്യമായി കുറവുള്ള വ്യാവസായിക/വാണിജ്യ വൈദ്യുതി താരിഫ് തിയേറ്ററുകൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

**യുക്തിസഹമായ ലൈസൻസിംഗ്**

കേരളത്തിലെ മുനിസിപ്പൽ ലൈസൻസ് ഫീസുകൾ ഏകീകരിക്കുകയും വ്യവസ്ഥാപിതമാക്കുകയും വാർഷിക വർദ്ധനവിന് പരിധി നിശ്ചയിക്കുകയും ചെയ്യുക. മാറിക്കൊണ്ടിരിക്കുന്ന പലതരം പ്രാദേശിക ചാർജുകൾക്ക് പകരം ഒരൊറ്റ, വാർഷിക ഫീസ് നിർദ്ദേശിക്കുക.

**സുരക്ഷാ ചെലവ് പങ്കിടൽ**

പൊതു സുരക്ഷയിലും സാംസ്കാരിക പ്രചാരണത്തിലും തിയേറ്ററുകളുടെ പങ്ക് അംഗീകരിച്ച്, പ്രദർശന സമയങ്ങളിൽ കുറഞ്ഞ നിരക്കിലോ സബ്സിഡി നിരക്കിലോ സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിച്ച് മെച്ചപ്പെട്ട പട്രോളിംഗ് നൽകുന്ന മാതൃകകളെക്കുറിച്ച് പഠിക്കുക.

**കാര്യക്ഷമതയെ പ്രോത്സാഹിപ്പിക്കൽ**

ഊർജ്ജക്ഷമതയുള്ള ലൈറ്റിംഗ്, എൽ.ഇ.ഡി, എച്ച്.വി.എ.സി. സംവിധാനങ്ങൾ, സൗരോർജ്ജ സംയോജനം എന്നിവ സ്വീകരിക്കുന്നതിന് തിയേറ്ററുകളെ പ്രോത്സാഹിപ്പിക്കുകയും സാധ്യമായാൽ സബ്സിഡി നൽകുകയും ചെയ്യുക, ഇത് ദീർഘകാല പ്രവർത്തനച്ചെലവ് കുറയ്ക്കും.

**3. തിയേറ്റർ നവീകരണം സുഗമമാക്കുക**

ആധുനിക പ്രേക്ഷകരുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിനും സ്ട്രീമിംഗ്/ഹോം എന്റർടൈൻമെന്റുമായി മത്സരിക്കുന്നതിനും കേരളത്തിലെ പല തിയേറ്ററുകൾക്കും കാര്യമായ നവീകരണങ്ങൾ (സൗണ്ട് സിസ്റ്റം, പ്രൊജക്ഷൻ, സീറ്റിംഗ്, എയർ കണ്ടീഷനിംഗ്, സൗകര്യങ്ങൾ) ആവശ്യമാണ്. ഇത് നിർവഹിക്കുന്നതിനായി പലിശ നിരക്കിലുള്ള കടമെടുപ്പ് ഒരു പ്രധാന തടസ്സമാണ്.

**ശിപാർശകൾ:**

A. **പ്രത്യേക തിയേറ്റർ നവീകരണ വായ്പാ പദ്ധതി:** കെ.എഫ്.സി. (കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ) അല്ലെങ്കിൽ കെ.എസ്.എഫ്.ഇ. (കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്) അല്ലെങ്കിൽ പങ്കാളിത്തമുള്ള ബാങ്കുകൾ മുഖേന, തിയേറ്റർ നവീകരണത്തിനും സാങ്കേതിക നവീകരണങ്ങൾക്കും മാത്രമായി കുറഞ്ഞ പലിശയിലും ദീർഘകാലയളവിലുമുള്ള വായ്പാ ഫണ്ട് സ്ഥാപിക്കുക. സിംഗിൾ-സ്ക്രീൻ തിയേറ്ററുകൾക്കും ടയർ-2/3 നഗരങ്ങളിലെ തിയേറ്ററുകൾക്കും മുൻഗണനാ വ്യവസ്ഥകൾ വാഗ്ദാനം ചെയ്യുക.

B. **സംസ്ഥാന ക്രെഡിറ്റ് ഗ്യാരണ്ടി**: കടം നൽകുന്നവർക്കുള്ള റിസ്ക് കുറയ്ക്കുന്നതിനും ലഭ്യത മെച്ചപ്പെടുത്തുന്നതിനും, പ്രത്യേകിച്ച് ചെറുതും സ്വതന്ത്രവുമായ തിയേറ്റർ ഉടമകൾക്ക്, ഈ വായ്പകൾക്ക് ഭാഗിക സംസ്ഥാന ഗ്യാരണ്ടി നൽകുക.

C. **പൈതൃക തിയേറ്ററുകൾക്കുള്ള ഗ്രാന്റ്:** ചരിത്രപരമായി പ്രാധാന്യമുള്ള സിംഗിൾ-സ്ക്രീൻ തിയേറ്ററുകൾക്ക് പുനഃസ്ഥാപനത്തിനായി ഒരു മാച്ചിംഗ് ഗ്രാന്റ് പദ്ധതി അവതരിപ്പിക്കുക, സാംസ്കാരിക സ്വത്തുക്കൾ സംരക്ഷിക്കുമ്പോൾ തന്നെ നവീകരണം സാധ്യമാക്കുക.

### 4. ഇ-ടിക്കറ്റിംഗ് നിർബന്ധമാക്കുക: സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക

ഫിസിക്കൽ ടിക്കറ്റിംഗ് കുറഞ്ഞ റിപ്പോർട്ടിംഗിനും (കരിഞ്ചന്ത ടിക്കറ്റുകൾ), മാനുവൽ പിഴവുകൾക്കും സാധ്യതയുള്ളതും ഫലപ്രദമായ മാർക്കറ്റിംഗിന് ഡാറ്റ നൽകാൻ ശേഷിയില്ലാത്തതുമാണ്. ഇത് നിർമ്മാതാക്കൾക്കും വിതരണക്കാർക്കും അർഹമായ വരുമാനം നിഷേധിക്കുകയും പ്രേക്ഷക വിശകലനത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

**ശിപാർശകൾ:**

A. **സംസ്ഥാനതല ഇ-ടിക്കറ്റിംഗ് നിർബന്ധം:** കേരളത്തിൽ മലയാള സിനിമകൾ (ഭാവിയിൽ എല്ലാ സിനിമകളും) പ്രദർശിപ്പിക്കുന്ന എല്ലാ തിയേറ്ററുകളും ഒരു കേന്ദ്രീകൃത, തത്സമയ ഇ-ടിക്കറ്റിംഗ് പ്ലാറ്റ്ഫോമുമായി (KSFDC-യോ ഒരു നിഷ്പക്ഷ വ്യവസായ സ്ഥാപനമോ കൈകാര്യം ചെയ്യുകയോ മേൽനോട്ടം വഹിക്കുകയോ ചെയ്യുന്നത്) സംയോജിപ്പിക്കണമെന്ന് നിയമപരമായി നിർബന്ധമാക്കുക.

B. **തത്സമയ ഡാറ്റാ ലഭ്യത:** ഈ പ്ലാറ്റ്ഫോം നിർമ്മാതാക്കൾക്കും വിതരണക്കാർക്കും സംസ്ഥാന ചലച്ചിത്ര ബോഡിക്കും തിയേറ്റർ തലത്തിലുള്ള ഒക്യുപൻസിയുടെയും വരുമാനത്തിന്റെയും ഏകീകൃതവും തത്സമയവുമായ ഡാറ്റയിലേക്ക് സുരക്ഷിതമായ പ്രവേശനം (വ്യക്തിഗത സ്വകാര്യതയെ തടസ്സപ്പെടുത്താതെ) നൽകുന്നുവെന്ന് ഉറപ്പാക്കുക. ഇത് കൃത്യമായ വരുമാനം പങ്കിടൽ, ഡൈനാമിക് പ്രൈസിംഗ് പരീക്ഷണങ്ങൾ, ടാർഗറ്റഡ് മാർക്കറ്റിംഗ് എന്നിവ സാധ്യമാക്കുന്നു.

C. **ഉപഭോക്തൃ ആനുകൂല്യങ്ങൾ:** ഇ-ടിക്കറ്റിംഗിന്റെ എളുപ്പം, സുതാര്യത, കൃത്യമായ വിലനിർണ്ണയം, സീറ്റ് തിരഞ്ഞെടുപ്പ്, സുരക്ഷ എന്നിവ പ്രേക്ഷകരെ അതതു സമയങ്ങളിൽ അറിയിക്കുകയും അവ വാങ്ങാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. പ്രധാന പേയ്മെന്റ് വാലറ്റുകളുമായി സംയോജിപ്പിക്കുക.

D. **ഘട്ടം ഘട്ടമായുള്ള നടപ്പാക്കലും പിന്തുണയും:** ആവശ്യമായ ഹാർഡ്വെയറും സോഫ്റ്റ്വെയറും നടപ്പിലാക്കുന്നതിന് ചെറിയ തിയേറ്ററുകൾക്ക് സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുക.

### 5. മൂല്യാധിഷ്ഠിത വിപണന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുക: നിക്ഷേപങ്ങളും ബ്രാൻഡും സംരക്ഷിക്കുക

വ്യാജ റിവ്യൂകൾ, നന്നായി നേട്ടമുണ്ടാക്കുന്ന ചിത്രങ്ങൾക്കെതിരായ പെയ്ഡ് നെഗറ്റീവ് ക്യാമ്പെയ്നുകൾ, തെറ്റിദ്ധരിപ്പിക്കുന്ന ട്രെയിലറുകൾ, വെളിപ്പെടുത്താത്ത പെയ്ഡ് പ്രൊമോഷനുകൾ, അവസാന നിമിഷത്തെ ഷോ റദ്ദാക്കലുകൾ (പ്രോഗ്രാമിംഗ് യുദ്ധങ്ങൾ) ഉൾപ്പെടെയുള്ള അധാർമ്മിക വിപണന സമ്പ്രദായങ്ങൾ പ്രേക്ഷകരുടെ വിശ്വാസം ഇല്ലാതാക്കുകയും വിപണിയെ വികൃതമാക്കുകയും മാർക്കറ്റിംഗ് ബഡ്ജറ്റുകൾ അനാവശ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

A. **വ്യവസായ തലത്തിലുള്ള മാർക്കറ്റിംഗ് പെരുമാറ്റച്ചട്ടം:** എല്ലാ നിർമ്മാതാക്കളുടെ സംഘടനകളും വിതരണക്കാർ, എക്സിബിറ്റേഴ്സ് എന്നിവരുടെ സംഘടനകളും അംഗീകരിച്ച ഒരു പെരുമാറ്റച്ചട്ടം വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

◦ ഏകോപിപ്പിച്ച വ്യാജ റിവ്യൂകൾ/റേറ്റിംഗുകൾ (പോസിറ്റീവോ നെഗറ്റീവോ) നന്നായി പെർഫോം ചെയ്യുന്ന ചിത്രങ്ങളെക്കുറിച്ച് മനഃപൂർവം തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് അടക്കമുള്ള സംഗതികളെ നിയമനടപടികൾക്ക് വിധേയമാക്കാൻ തക്കവിധം പെരുമാറ്റച്ചട്ടം ദൃഢമാക്കുക.

B. **പ്രൊമോഷനുകളിലെ സുതാര്യത:** സിനിമാ റിലീസുകളുമായി ബന്ധപ്പെട്ട എല്ലാ പെയ്ഡ് ഇൻഫ്ളുവൻസർ മാർക്കറ്റിംഗിനും സ്പോൺസർ ചെയ്ത ഉള്ളടക്കത്തിനും വ്യക്തമായ വെളിപ്പെടുത്തൽ (#ad, #promotion) നിർബന്ധമാക്കുക.

C. **പരാതി പരിഹാര സംവിധാനം**

◦ അധാർമ്മിക മാർക്കറ്റിംഗ് സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യാൻ ഒരു അതിവേഗ ആർബിട്രേഷൻ പാനൽ സ്ഥാപിക്കുക. പിഴ ചുമത്താനും തിരുത്തൽ നടപടികൾ (വ്യക്തത നൽകൽ, തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നീക്കം ചെയ്യൽ തുടങ്ങിയവ) നിർബന്ധമാക്കാനും ഇതിന് അധികാരമുണ്ടായിരിക്കേണ്ടതാണ്.

D. **ആധികാരികമായ ഇടപെടലിൽ ശ്രദ്ധ കേന്ദ്രീകരിക്കുക**

◦ സ്റ്റുഡിയോകളെയും വിതരണക്കാരെയും യഥാർത്ഥ പ്രേക്ഷക എൻഗേജ്മെന്റ് തന്ത്രങ്ങളിൽ (യഥാർത്ഥ പ്രതികരണത്തിനായി പ്രിവ്യൂ സ്ക്രീനിംഗുകൾ, ചോദ്യോത്തര സെഷനുകൾ, ബിഹൈൻഡ് ദ സീൻസ്) വ്യാപരിക്കാൻ പ്രോത്സാഹിപ്പിക്കുക.

**ചുരുക്കം**

മലയാള സിനിമയുടെ ഊർജ്ജസ്വലത സർഗ്ഗാത്മക മികവിനെ മാത്രമല്ല, അതിന്റെ വിപണി ഘടനയുടെ ശക്തിയെയും കാര്യക്ഷമതയെയും ആശ്രയിച്ചിരിക്കുന്നു. പ്രേക്ഷകരുടെ മേലുള്ള നികുതി ഭാരം കുറയ്ക്കുക, തിയേറ്ററുകളുടെ പ്രവർത്തനച്ചെലവ് കുറയ്ക്കുക, അവയുടെ നവീകരണം സുഗമമാക്കുക, ഇ-ടിക്കറ്റിംഗിലൂടെ സാമ്പത്തിക സുതാര്യത നടപ്പിലാക്കുക, ധാർമ്മികമായ മത്സരം ഉറപ്പാക്കുക എന്നിവ കേവലം സൗകര്യങ്ങളല്ല - അവ സുസ്ഥിരമായ ലാഭക്ഷമതയ്ക്കും വളർച്ചയ്ക്കുമുള്ള അടിസ്ഥാനപരമായ ആവശ്യങ്ങളാണ്.

KERALA
FILM POLICY
CONCLAVE
നല്ല സിനിമ നല്ല നാളെ

# സുഗമമായ ചലച്ചിത്ര നിർമ്മാണവും സൗകര്യമൊരുക്കലും



# സുഗമമായ ചലച്ചിത്ര നിർമ്മാണവും സൗകര്യമൊരുക്കലും

മലയാള സിനിമ ഇതിനകം ശ്രദ്ധേയമായ സർഗാത്മക നേട്ടങ്ങൾ കൈവരിച്ചെങ്കിലും, മേഖലയുടെ തുടർ വളർച്ചയെ ദുർബലപ്പെടുത്തുന്ന ഭരണപരവും ധാർമ്മികവും സുസ്ഥിരതാ സംബന്ധിയുമായ വെല്ലുവിളികൾ അത് നേരിടുന്നുണ്ട്. സങ്കീർണ്ണമായ നിർമ്മാണ പ്രക്രിയ, തുല്യതയ്ക്കും തൊഴിലാളി അവകാശങ്ങൾക്കുമുള്ള തീർത്തും പരിമിതമായ സംരക്ഷണം, അപര്യാപ്തമായ മൃഗക്ഷേമ മാനദണ്ഡം, പാരിസ്ഥിതിക ആശങ്കകൾ എന്നിവ വ്യവസായത്തിന്റെ സുസ്ഥിരതയ്ക്കും കേരളത്തിന്റെ പാരിസ്ഥിതികാവബോധത്തിനും വെല്ലുവിളി ഉയർത്തുന്നു. ഭരണപരമായ കാലതാമസം, സാമ്പത്തിക പരിമിതി, സുസ്ഥിരമല്ലാത്ത സമ്പ്രദായങ്ങൾ എന്നിവ വ്യവസായത്തിലെ ശബ്ദവൈവിധ്യം ചുരുങ്ങാനും ആഗോള ഖ്യാതി ക്ഷയിക്കാനും ഇടയാക്കുന്നു. ഈ രേഖ മേൽപറഞ്ഞ നിർണായക പ്രശ്നങ്ങൾ തിരിച്ചറിയുകയും കൂടുതൽ കാര്യക്ഷമവും അന്താരാഷ്ട്രതലത്തിൽ ബഹുമാന്യവുമായ ഒരു മലയാള ചലച്ചിത്ര വ്യവസായം കെട്ടിപ്പടുക്കാൻ ലക്ഷ്യമിട്ടുള്ള സംസ്ഥാന ഇടപെടലുകളും ധാർമ്മിക മാനദണ്ഡങ്ങളും നിർദ്ദേശിക്കുകയും ചെയ്യുന്നു.

**ശിപാർശകൾ:**

## 1. കാര്യക്ഷമവും, വിശാലവുമായ നിർമ്മാണ പ്രക്രിയ

**സമഗ്ര സിംഗിൾ-വിൻഡോ ക്ലിയറൻസ് നടപ്പിലാക്കുക.**

- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC) പോർട്ടലിനെ സമഗ്രവും ഉപയോഗിക്കാൻ എളുപ്പമുള്ളതുമായ ഒരു സിംഗിൾ വിൻഡോ പ്ലാറ്റ്ഫോമാക്കി മാറ്റുക.
- സംസ്ഥാന, പ്രാദേശിക അനുമതികളും (ടൂറിസം, വനം, പോലീസ്, തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, KSEB, KWA) വ്യക്തമായ സമയപരിധികൾ അടയാളപ്പെടുത്തി ഒരു ഓൺലൈൻ അപേക്ഷയിലേക്ക് സംയോജിപ്പിക്കുക.
- സ്വതന്ത്രവും വൈവിധ്യപൂർണ്ണവുമായ പ്രോജക്റ്റുകൾക്ക് അതിവേഗ അനുമതി: അംഗീകൃത സ്വതന്ത്ര സിനിമകൾക്കും, ആദ്യ സിനിമകൾക്കും, സ്ത്രീകൾ, LGBTQIA+, അല്ലെങ്കിൽ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള സംവിധായകർ/നിർമ്മാതാക്കൾ എന്നിവർ നേതൃത്വം നൽകുന്ന പ്രോജക്റ്റുകൾക്കും, സാമൂഹിക വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സിനിമകൾക്കും മുൻഗണന നൽകുക.
- പ്രത്യേക ഫെസിലിറ്റേഷൻ ഓഫീസർമാർ: അപേക്ഷകരെ, പ്രത്യേകിച്ച് ആദ്യമായി സിനിമ ചെയ്യുന്നവരെയും കുറഞ്ഞ ബഡ്ജറ്റിൽ സിനിമ ചെയ്യുന്നവരെയും സഹായിക്കാൻ കെഎസ്എഫ്ഡിസി ഉദ്യോഗസ്ഥരെ നിയോഗിക്കുക.
- സുതാര്യമായ ഡാഷ്ബോർഡ്: അപേക്ഷയുടെ അംഗീകാരത്തിന്റെ ഘട്ടവും, അപേക്ഷകന് സേവനം ലഭിക്കുന്ന തീയതികളും ഓൺലൈനിൽ ട്രാക്ക് ചെയ്യാനുള്ള സൗകര്യം.

## 2. തന്ത്രപ്രധാനമായ നികുതി ഇളവുകൾ, നികുതി ഒഴിവാക്കലുകൾ, ഇൻസെന്റീവുകൾ:

**തനത് കലാസാംസ്കാരികതയെ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാവരെയും ഉൾക്കൊള്ളുന്നതിനുമുള്ള ഇളവുകൾ:**

- കേരളത്തിന്റെ സാംസ്കാരിക പൈതൃകം, സ്ഥലങ്ങൾ, സാമൂഹിക ഘടന എന്നിവ കൃത്യമായി ചിത്രീകരിക്കുന്ന സിനിമകൾക്ക് ഉയർന്ന ജിഎസ്ടി ഇളവുകളോ നേരിട്ടുള്ള ധനസഹായമോ പ്രോത്സാഹനങ്ങളോ നൽകുക.

- ലിംഗസമത്വം പാലിക്കുന്ന അണിയറപ്രവർത്തകരുള്ള സിനിമകൾക്ക് (ഉദാഹരണത്തിന്, പ്രധാന എച്ച്ഒഡി റോളുകളിൽ സ്ത്രീകളുടെ എണ്ണം).
- സ്ത്രീകൾ, LGBTQIA+ അനുഭവങ്ങൾ, അല്ലെങ്കിൽ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ എന്നിവയെക്കുറിച്ചുള്ള കഥകൾക്ക് ഊന്നൽ നൽകുന്ന സിനിമകൾക്ക്.
- സുതാര്യമായ സർട്ടിഫിക്കേഷൻ പ്രക്രിയ: പ്രോത്സാഹനങ്ങൾക്ക് അർഹമായ സിനിമകൾ തെരഞ്ഞെടുക്കാൻ കമ്മിറ്റി രൂപീകരിക്കുക. പ്രസ്തുത കമ്മിറ്റിയിൽ ഉചിതമായ നിർദേശങ്ങൾ നൽകാൻ സാംസ്കാരിക വിദഗ്ധർ, ചലച്ചിത്രത്തിന്റെ വിവിധ മേഖലകളിലെ വക്താക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തണം.

## 3. സർക്കാർവക സ്വത്തുക്കൾ കുറഞ്ഞ നിരക്കിൽ ഷൂട്ടിങ്ങിനായി ലഭ്യമാക്കുക

**കേന്ദ്രീകൃത ഇൻവെന്ററി & ബുക്കിംഗ് പോർട്ടൽ:** ചിത്രീകരണത്തിനായി ലഭ്യമായ എല്ലാ സർക്കാർ സ്വത്തുക്കളുടെയും (ബംഗ്ലാവുകൾ, പൈതൃക കെട്ടിടങ്ങൾ, പൊതു ഇടങ്ങൾ, കെഎസ്എഫ്ഡിസി സ്റ്റുഡിയോകൾ) തത്സമയ ലഭ്യതയും വിലകളും സഹിതം ഒരു ഓൺലൈൻ പോർട്ടൽ ഉണ്ടാക്കുക.

**അർഹമായ പ്രോജക്റ്റുകൾക്ക് സബ്സിഡി നിരക്കുകൾ:**

- അംഗീകൃത സ്വതന്ത്ര/കുറഞ്ഞ ബഡ്ജറ്റ് സിനിമകൾക്ക്.
- അവഗണിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള സംവിധായകരുടെ (സ്ത്രീകൾ, LGBTQIA+, എസ് സി/എസ് ടി) ആദ്യ/രണ്ടാം സിനിമകൾക്ക്.
- സാമൂഹിക പ്രസക്തിയുള്ള/എല്ലാവരെയും ഉൾക്കൊള്ളുന്ന ഉള്ളടക്കത്തിനുള്ള ഗ്രാന്റ് ലഭിക്കുന്ന സിനിമകൾക്ക്.

**ലഭ്യതയ്ക്കുള്ള നടപടിക്രമങ്ങൾ ലളിതമാക്കുക: ഏകജാലകസംവിധാനങ്ങൾ വഴി നടപടിക്രമങ്ങൾ ലളിതമാക്കുക.**

## 4. തുല്യതയും ഉണർവും ഉറപ്പു വരുത്തുന്ന ഉള്ളടക്കത്തിനായി സർക്കാർ സബ്സിഡികൾ:

**കേരള സംസ്ഥാന ചലച്ചിത്ര വികസന ഫണ്ട് വികസിപ്പിക്കുക:** കെഎസ്എഫ്ഡിസി ഫണ്ട് ഗണ്യമായി വർദ്ധിപ്പിക്കുക.

- സ്ത്രീകൾ, LGBTQIA+, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള എഴുത്തുകാരുടെ തിരക്കഥകൾക്ക്.
- ഈ വിഭാഗങ്ങളിൽ നിന്നുള്ള വ്യക്തികൾ സംവിധാനം ചെയ്യുന്ന പ്രോജക്റ്റുകൾക്ക്.
- ലിംഗസമത്വം, ജാതി സംവേദനക്ഷമത, LGBTQIA+ കഥകൾ, അല്ലെങ്കിൽ ഭിന്നശേഷി അവകാശങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സിനിമകൾക്ക്.

A **മെറിറ്റ് + പ്രഭാവ വിലയിരുത്തൽ** (impact assessement) :
സിനിമയിലും സാമൂഹിക/ലിംഗ പഠനങ്ങളിലും വൈദഗ്ധ്യമുള്ള ജൂറിമാരെ ഉപയോഗിക്കുക. കലാപരമായ മികവിനും പാടവത്തിനും മുൻഗണന നൽകുക.

B **മെന്റർഷിപ്പും നിർമ്മാണ പിന്തുണയും:** സബ്സിഡികൾക്കൊപ്പം പരിചയസമ്പന്നരായ മെന്റർമാരെയും കെഎസ്എഫ്ഡിസിയുടെ ലോജിസ്റ്റിക്കൽ പിന്തുണയും ലഭ്യമാക്കുക.

## 5. സിനിമാ ധനസഹായം ലഭ്യമാക്കുന്നു:

A **കെഎസ്എഫ്ഡിസിയുടെ കുറഞ്ഞ പലിശ നിരക്കിലുള്ള ലോൺ പദ്ധതി:** സ്വതന്ത്ര നിർമ്മാതാക്കൾക്കും, ആദ്യമായി സിനിമ ചെയ്യുന്ന സംവിധായകർക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ളവർക്കും, വനിതകൾക്കും അർഹമായ പ്രോജക്റ്റുകൾക്ക് കുറഞ്ഞ പലിശയിലും സബ്സിഡിയിലും ലളിതമായ ഈടുകളിലും ലോണുകൾ നൽകുക.

B **പൂർത്തീകരണ ഗ്യാരണ്ടി ഫണ്ട്:** അർഹമായ പ്രോജക്റ്റുകൾക്ക് വായ്പ നൽകുന്നവരുടെ റിസ്ക് കുറയ്ക്കുന്നതിന് ഒരു സർക്കാർ പിന്തുണയുള്ള ഭാഗിക ഗ്യാരണ്ടി ഫണ്ട് ഉണ്ടാക്കുക.

C **നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള പ്ലാറ്റ്ഫോം:** ഇതുവരെ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത കലാകാരന്മാരുടെ പ്രോജക്റ്റുകളെ നിക്ഷേപകരുമായും സേവനങ്ങൾ നൽകുന്ന ധനകാര്യ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുക.

## 6. കേരളത്തിന് വേണ്ടി പ്രത്യേകമായി 'മൃഗസംരക്ഷണത്തിലൂന്നിയ ചിത്രീകരണ- മാർഗ്ഗനിർദ്ദേശങ്ങൾ' തയ്യാറാക്കുക

A **നിയമപരമായ, കേരള ചലച്ചിത്ര മൃഗക്ഷേമ മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കുക:** നിർദ്ദിഷ്ട കേരള ചലച്ചിത്ര വികസന, റെഗുലേറ്ററി അതോറിറ്റി (KFDRA), AWBI, മൃഗഡോക്ടർമാർ, എഥോളജിസ്റ്റുകൾ, എൻജിഒകൾ എന്നിവരുമായി ചേർന്ന് നിർബന്ധിതമായ ഓരോ ഇനം മൃഗങ്ങളുടെയും സംരക്ഷണത്തിനുള്ള, നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കണം.
ഇവ താഴെ പറയുന്നവ ഉൾക്കൊള്ളുന്നു:

- **നിരോധിച്ച പ്രവൃത്തികൾ:** മൃഗങ്ങളെ മനഃപൂർവ്വം വേട്ടക്കാരുമായി അടുപ്പിക്കുന്നത്, രോഗിയായ/പരിക്കേറ്റ/ചെറിയ മൃഗങ്ങളെ ഉപയോഗിക്കുന്നത്, ദോഷകരമായ നിയന്ത്രണങ്ങൾ എന്നിവ നിരോധിക്കുക.
- **ഇനം / തരം നിയന്ത്രണങ്ങൾ:** കാട്ടിൽ നിന്ന് പിടിച്ച മൃഗങ്ങളെ ഉപയോഗിക്കുന്നത് നിരോധിക്കുക (സിബിആർഎസ്-സർട്ടിഫൈഡ് വളർത്തുമൃഗങ്ങളെ അത്യാവശ്യമെങ്കിൽ മാത്രം ഉപയോഗിക്കുക).
- **താമസം, ഗതാഗതം, പരിചരണം:** ഷൂട്ടിങ്ങിനായി കൊണ്ട് വരുന്ന മൃഗങ്ങൾക്ക് അനുയോജ്യമായ/ മതിയായ സുരക്ഷാ ഉറപ്പു വരുത്തുന്ന യാത്രാ സൗകര്യം , സെറ്റിൽ വിശ്രമിക്കാനുള്ള ഇടങ്ങൾ വെറ്ററിനറി സഹായം എന്നിവ നിർബന്ധമാക്കുന്ന മാനദണ്ഡങ്ങൾ നടപ്പിലാക്കുക
- **മറ്റുള്ളവ:** സിജിഐ/അനിമട്രോണിക്സ്/സ്റ്റോക്ക് ഫൂട്ടേജ് എന്നിവ രേഖാമൂലം പരിശോധിച്ചതിനു ശേഷം മാത്രം മൃഗങ്ങളെ സിനിമാ ഷൂട്ടിങ്ങിനായി ഉപയോഗിക്കാനുള്ള അനുമതി നൽകുക

B **പ്രീ-പ്രൊഡക്ഷൻ അനിമൽ ആക്ഷൻ പ്ലാൻ (AAP):** അനുമതികൾക്ക് മുമ്പ്, മൃഗങ്ങളുടെ ഇനം, രംഗങ്ങൾ, സുരക്ഷ, കൈകാര്യം ചെയ്യുന്നവർ, വെറ്ററിനറി മേൽനോട്ടം എന്നിവ വിശദീകരിക്കുന്ന AAP സമർപ്പിച്ച് അംഗീകാരം നേടുക.

## 7. നിർബന്ധിതമായ AWBI സഹകരണവും കർശനമായ ഓൺ-സെറ്റ് നിരീക്ഷണവും വിനിമയമാർഗങ്ങളും നിർവചിക്കുന്ന ഔദ്യോഗിക രേഖ:

A **AWBI-അംഗീകൃത മോണിറ്റർമാർ സെറ്റിൽ:** മൃഗങ്ങൾ ഉൾപ്പെടുന്ന എല്ലാ രംഗങ്ങൾക്കും (പ്രൊഡക്ഷൻ ഫണ്ട് ചെയ്യുന്ന) ഒരു സ്വതന്ത്രവും AWBIഅംഗീകൃതവുമായ അനിമൽ വെൽഫെയർ ഓഫീസർ (AWO) സെറ്റിൽ ഉണ്ടായിരിക്കണം. നിയമലംഘനം കണ്ടെത്തുന്ന പക്ഷം, ഇവർക്ക് ചിത്രീകരണം നിർത്താനുള്ള അധികാരം ഉണ്ടായിരിക്കണം.

B **സ്ത്രീകളെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിലുള്ള അണിയറപ്രവർത്തകരെയും ലെയ്സൺ റോളിലേക്ക് പ്രോത്സാഹിപ്പിക്കുക.**

C **യൂണിറ്റ് ക്രൂവിനെ ശാക്തീകരിക്കുക:** ചിത്രീകരണത്തിന് മുമ്പുള്ള നിർബന്ധിത ബോധവൽക്കരണത്തിൽ മൃഗക്ഷേമം ഉൾപ്പെടുത്തുക. AWOയ്ക്കായി പരിശീലനം ലഭിച്ച ഒരു ഓൺ-സെറ്റ് ലെയ്സനെ നിയോഗിക്കുക.

D **ചിത്രീകരണാനന്തര ക്ഷേമ റിപ്പോർട്ട്:** AWO/വെറ്ററിനറി സംയുക്ത റിപ്പോർട്ട് സമർപ്പിക്കണം.

## 8. മൃഗക്ഷേമവും പരിസ്ഥിതി സൗഹൃദവും കൂട്ടിച്ചേർത്ത അനുമതികളും നയങ്ങളും:

A ചിത്രീകരണ അനുമതികളിലെ മൃഗക്ഷേമ വ്യവസ്ഥ: സിംഗിൾ വിൻഡോ വഴി ഷൂട്ടിംഗ് അനുമതികൾക്ക് അംഗീകൃത AAP-യും മാർഗ്ഗനിർദ്ദേശ പാലനവും ഒരു നിർബന്ധിത വ്യവസ്ഥയാക്കുക.

B പാലിക്കാത്ത പക്ഷം അനുമതികൾ റദ്ദാക്കുകയും പിഴ ചുമത്തുകയും ചെയ്യുക.

C പരിസ്ഥിതി സൗഹൃദ നിർമ്മാണ നയം: കേരള ചലച്ചിത്ര പരിസ്ഥിതി സൗഹൃദ നയം വികസിപ്പിക്കുക, ഇതിന് താഴെ പറയുന്നവ ആവശ്യമാണ്:

- മാലിന്യ നിർമാർജന പദ്ധതികൾ: സെറ്റ്, ഭക്ഷണം, പ്ലാസ്റ്റിക് മാലിന്യം എന്നിവ കുറയ്ക്കുന്നതിനും
- സംസ്കരിക്കുന്നതിനും നിർബന്ധിത പദ്ധതികൾ (പ്രാദേശിക അധികാരികളുമായി സഹകരിച്ച്).
- ലൊക്കേഷൻ പുനഃസ്ഥാപന ബോണ്ടുകൾ: ലൊക്കേഷൻ സൈറ്റ് പുനഃസ്ഥാപനം ഉറപ്പാക്കാൻ റീഫണ്ട് ചെയ്യാൻ കഴിയുന്ന ഡെപ്പോസിറ്റുകൾ ആവശ്യപ്പെടുക.
- സുസ്ഥിര സമ്പ്രദായ പ്രോത്സാഹനങ്ങൾ: പുനരുപയോഗ ഊർജ്ജം, സുസ്ഥിര കാറ്ററിംഗ്, ഡിജിറ്റൽ വർക്ക് ഫ്ളോകൾ, കുറഞ്ഞ മലിനീകരണമുള്ള ഗതാഗതം എന്നിവയുടെ ഉപയോഗത്തിന് വേഗത്തിലുള്ള അനുമതികളോ ഇളവുകളോ വാഗ്ദാനം ചെയ്യുക.
- 'ഗ്രീൻ & കൈൻഡ്' സർട്ടിഫിക്കേഷൻ: മാതൃകാപരമായ സിനിമകൾക്ക് ഒരു ഔദ്യോഗിക സർട്ടിഫിക്കേഷൻ മാർക്ക് സ്ഥാപിക്കുക, ഇത് പ്രോത്സാഹനാജനകവും വിപണന സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു

**ധാർമ്മിക ഉത്തരവാദിത്തമുള്ള ഉള്ളടക്കം ഉറപ്പ് വരുത്താനുള്ള ശുപാർശകൾ**

## 9. ഉള്ളടക്ക നിയന്ത്രണത്തെക്കുറിച്ചുള്ള ആശയവികസനം (അക്രമം/സെൻസർഷിപ്പ്):

A **എല്ലാവരെയും ഉൾക്കൊള്ളുന്ന സംവാദം:** കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, ചലച്ചിത്ര പ്രവർത്തകർ, എഴുത്തുകാർ, LGBTQIA+ ഗ്രൂപ്പുകൾ, മാനസികാരോഗ്യ വിദഗ്ധർ എന്നിവരുമായി ചേർന്ന് താഴെ പറയുന്ന വിഷയങ്ങളിൽ പൊതു കൂടിയാലോചനകൾ ആരംഭിക്കണം:

- ലൈംഗിക അതിക്രമം, ജാതി ദുരുപയോഗം, വിദ്വേഷ പ്രസംഗം തുടങ്ങിയ വിഷയങ്ങൾ ചിത്രീകരിക്കുന്നതിന് സൂക്ഷ്മമായ മാനദണ്ഡങ്ങൾ വികസിപ്പിക്കുക, സന്ദർഭത്തിനും പരിണിതഫലങ്ങൾക്കും ഊന്നൽ നൽകുകയും മഹത്വവൽക്കരണം ഒഴിവാക്കുകയും ചെയ്യുക.
- വിദ്വേഷകരമായ വാർപ്പുമാതൃകകളുടെ സ്വാധീനം പരിശോധിക്കുക.
- ഉള്ളടക്കവും റേറ്റിംഗും മെച്ചപ്പെടുത്താനുള്ള വിദഗ്ധ നിർദേശങ്ങളും മികച്ച മാതൃകകളും കണ്ടെത്തുക.

B **വൈവിധ്യപൂർണ്ണമായ സെൻസർ ബോർഡ് കാഴ്ചപ്പാടുകൾ:** മലയാള സിനിമകൾക്കായുള്ള സെൻസർ ബോർഡ് പാനലുകളിൽ ജെൻഡർ സ്റ്റഡീസ്, സൈക്കോളജി, ദളിത്/പിന്നാക്ക വിഭാഗത്തെ കുറിച്ചുള്ള പഠന ഗവേഷകർ, LGBTQIA+ സിബിഎഫ്സി വിദഗ്ധർ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തുക

C നിരോധനത്തേക്കാൾ ശാക്തീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക: പ്രേക്ഷകർക്ക് വിവരങ്ങൾ നൽകുന്നതിലും (റേറ്റിംഗുകൾ/അഡ്വൈസറികൾ) ഉത്തരവാദിത്തമുള്ള പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

**ചുരുക്കം**

ചലച്ചിത്ര നിർമ്മാണം സാധ്യമാക്കാൻ സുതാര്യമായ അനുമതി സംവിധാനവും നിർമാതാക്കൾക്ക് മെച്ചപ്പെട്ട കൈത്താങ്ങും നടപ്പാക്കേണ്ടത് പ്രധാനമാണ്. കഥകളിൽ പലമ കൊണ്ടുവരാനും പുതുശബ്ദങ്ങളെ കൈപിടിച്ചുയർത്താനും ലക്ഷ്യമിട്ട് സാമ്പത്തിക പിന്തുണയും വിഭവങ്ങളും നൽകുന്നത് ഇതിൽ പെടും. തനത് സംസ്കാരത്തെ ആഘോഷിക്കുന്നതും ഉൾക്കൊള്ളൽ പ്രോത്സാഹിപ്പിക്കുന്നതും പ്രധാനപ്പെട്ട സാമൂഹ്യവിഷയങ്ങളെ സംബോധന ചെയ്യുന്നതുമായ ചിത്രങ്ങൾക്ക് നേരിട്ടുള്ള ധനക്കിഴിവും (സബ്സിഡി) ലളിതമായ വായ്പാസഹായവും ലഭ്യമാക്കേണ്ടതുണ്ട്. അക്രമവും വിവേചനവും പോലെയുള്ള തൊട്ടാൽ പൊള്ളുന്ന വിഷയങ്ങളിൽ തുറന്നതും തുടർന്നു പോരുന്നതുമായ സംഭാഷണങ്ങൾ അത്യന്താപേക്ഷിതമാണ്. ഈ ചർച്ചകളിൽ മാനസികാരോഗ്യ വിദഗ്ധർ, LGBTQIA+ ഗ്രൂപ്പുകൾ, എഴുത്തുകാർ, മറ്റ് പങ്കാളികൾ എന്നിവർ ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ നിന്നുള്ളവരെ സജീവമായി ഉൾപ്പെടുത്തണം. കൂടാതെ, മലയാള സിനിമകൾക്കായുള്ള ചലച്ചിത്ര നിരൂപണ ബോർഡുകൾക്ക് ലിംഗഭേദ പഠനം, മനഃശാസ്ത്രം, സാമൂഹിക പ്രശ്നങ്ങൾ എന്നിവയിലെ വിദഗ്ധരുടെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തുന്നത് നിർണായകമാണ്. നിരോധനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം, സിനിമയുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള വ്യക്തവും എളുപ്പത്തിൽ ലഭ്യമാകുന്നതുമായ വിവരങ്ങൾ, അതായത് റേറ്റിംഗും ഉള്ളടക്ക ഉപദേശങ്ങളും, പ്രേക്ഷകർക്ക് നൽകുന്നതിലേക്ക് ശ്രദ്ധമാറണം. അതേസമയം, സ്ക്രീനിൽ പറയുന്ന കഥകൾ മനസാക്ഷിക്കു നിരക്കുന്നതും സ്വാധീനശേഷിയുള്ളതുമാണെന്ന് ഉറപ്പാക്കി, ഉത്തരവാദിത്തത്തോടും ആലോചനയോടും കൂടി ചിത്രീകരിക്കാൻ ചലച്ചിത്ര പ്രവർത്തകരെ പ്രോത്സാഹിപ്പിക്കണം.

# സിനിമാ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും പൈതൃക ആർക്കൈവുകളുടെ വികസനവും



## സിനിമാ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും പൈതൃക ആർക്കൈവുകളുടെ വികസനവും

മലയാള സിനിമയുടെ ഭാവി ശോഭനമാകണമെങ്കിൽ, പ്രമേയപരമായ ആഖ്യാന വൈഭവമുള്ള പ്രതിഭകൾ മാത്രം പോരാ, അവർക്കായി ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഒരുക്കി കൊടുക്കാനും നമ്മുടെ ചലച്ചിത്ര ചരിത്രത്തെ ഓർമ്മപ്പെടുത്താനുതകുന്ന സ്ഥിരം സജ്ജീകരണങ്ങൾ സംവിധാനം ചെയ്തെടുക്കാനും കഴിയണം. കാലഹരണപ്പെട്ട സൗകര്യങ്ങൾ, സിനിമ ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ അവസരങ്ങളെ പരിമിതപ്പെടുത്താം. ഒരു സാംസ്കാരിക ഉല്പന്നം കൂടിയായ സിനിമയുടെ ചരിത്രം അവഗണിക്കുന്നത് പലരുടെയും, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ളവരുടെ കഥകൾ നഷ്ടമാകുന്നതിന് കാരണമായേക്കാം. ഇത് പരിഹരിക്കാൻ പ്രധാനമായി രണ്ട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

1. ആധുനിക സിനിമാ സൗകര്യങ്ങൾ നിർമ്മിക്കണം.
2. നമ്മുടെ പഴയ സിനിമകളെ സംരക്ഷിക്കണം.

**ശിപാർശകൾ:**

### 1: അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

സംയോജിത ഫിലിം ഹബ്ബുകളുടെ വികസനം (ഫിലിം സിറ്റികൾ, സ്റ്റുഡിയോകൾ, പോസ്റ്റ്-പ്രൊഡക്ഷൻ, വെർച്വൽ പ്രൊഡക്ഷൻ):

അടിസ്ഥാന സ്റ്റുഡിയോകൾക്കപ്പുറം, പ്രധാനപ്പെട്ട സ്ഥലങ്ങളിൽ (ഉദാഹരണത്തിന്, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്) സംയോജിത മീഡിയ പ്രൊഡക്ഷൻ ഹബ്ബുകൾ വികസിപ്പിക്കുന്നതിന് ഊന്നൽ നൽകുക. ഇത്തരം ഹബ്ബുകളിൽ വേണ്ടത്:

**അത്യാധുനിക സൗണ്ട് സ്റ്റേജുകൾ:** LED ഭിത്തികളും മോഷൻ ക്യാപ്ചറും ഉൾപ്പെടുന്ന വെർച്വൽ പ്രൊഡക്ഷൻ സംവിധാനങ്ങൾ.

**ഒരേ സ്ഥലത്ത് പോസ്റ്റ്-പ്രൊഡക്ഷൻ & VFX സൗകര്യങ്ങൾ:** ഉയർന്ന നിലവാരമുള്ള എഡിറ്റിംഗ് സ്യൂട്ടുകൾ, കളർ ഗ്രേഡിംഗ് തിയേറ്ററുകൾ, VFX സ്റ്റുഡിയോകൾ എന്നിവ ഹബ്ബിനുള്ളിൽ തന്നെ ലഭ്യമാക്കുക. ഇത് ബഹുവിധ പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണത്തിനും, യാത്രാഭാരം ലഘൂകരിക്കുന്നതിനും സഹായിക്കും.

ഇൻകുബേഷൻ സെന്ററുകൾ: AVGC-XR, സൗണ്ട് ഡിസൈൻ, പോസ്റ്റ്-പ്രൊഡക്ഷൻ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾ, LGBTQIA+, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളിലെ സംരംഭകർ എന്നിവർക്ക് പ്രത്യേക ഇടങ്ങളും വിഭവങ്ങളും.

**ജെൻഡർ സെൻസിറ്റീവ് സൗകര്യങ്ങളുടെ രൂപകൽപ്പന:**

- നല്ല വെളിച്ചമുള്ളതും സുരക്ഷിതവുമായ നടപ്പാതകൾ; എല്ലാ ലിംഗക്കാർക്കും പ്രവേശനയോഗ്യമായ ശുചിമുറികളും ചേഞ്ച് റൂമുകളും
- പ്രത്യേക നഴ്സിംഗ് റൂമുകൾ
- ശിശു സംരക്ഷണ സൗകര്യങ്ങൾ

**താങ്ങാനാവുന്ന പ്രവേശന നിരക്കുകൾ:**

പലനിരക്കിലുള്ള വിലനിർണ്ണയ മാതൃക ഹബ്ബുകളിൽ നടപ്പിലാക്കാം. സ്വതന്ത്ര ചലച്ചിത്ര

പ്രവർത്തകർക്കും, നവാഗത സംവിധായകർക്കും (പ്രത്യേകിച്ച് സ്ത്രീകൾക്കും പാർശ്വവൽക്കരിക്കപ്പെട്ട ലിംഗക്കാർക്കും), സാമൂഹിക വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സിനിമകൾക്കും ഗണ്യമായ സബ്സിഡി നിരക്കുകൾ വാഗ്ദാനം ചെയ്യുക.

**നൈപുണ്യ സംയോജനം:** ഹബ്ബുകൾക്കുള്ളിൽ അല്ലെങ്കിൽ അതിനു സമീപമായോ പരിശീലന സൗകര്യങ്ങൾ ഒരുക്കുക. ഇത് തുടർച്ചയായ പ്രായോഗിക പഠനത്തിനും തൊഴിൽ അവസരങ്ങൾക്കും വഴിയൊരുക്കും. സാങ്കേതിക റോളുകളിൽ പാർശ്വവത്കൃത വിഭാഗങ്ങളെ പ്രത്യേകം പരിഗണിക്കുക.

**പൊതു-സ്വകാര്യ പങ്കാളിത്തവും (PPP) സർക്കാർ സഹായവും**

**ക്രമീകൃത പൊതു – സ്വകാര്യ പങ്കാളിത്ത സംവിധാനം:** ഹബ്ബ് വികസനത്തിനും പ്രവർത്തനത്തിനുമായി സുതാര്യമായ ഒരു PPP മാതൃക വികസിപ്പിക്കുക. ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് എന്നിവ സർക്കാർ നൽകുക. സാങ്കേതിക വൈദഗ്ദ്ധ്യം, പ്രവർത്തന മാനേജ്മെന്റ്, വിപണി ബന്ധങ്ങൾ എന്നിവ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ആലോചിക്കുക.

**(PPP) കരാറുകളിൽ ഉൾക്കൊള്ളേണ്ട സമീപനം:** സ്വകാര്യ ഓപ്പറേറ്റർമാർക്ക് കരാർ അടിസ്ഥാനത്തിൽ ചുമതല നൽകുക.

**നിയമനത്തിൽ വൈവിധ്യം:** ഹബ്ബിനുള്ളിലെ സാങ്കേതിക, മാനേജീരിയൽ, ഓപ്പറേഷണൽ റോളുകളിൽ സ്ത്രീകളെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയും നിയമിക്കുന്നത് ഉറപ്പാക്കുക.

**കമ്മ്യൂണിറ്റി ഔട്ട്റീച്ച്:** പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് ശിൽപശാലകൾക്കും കരിയർ എക്സ്പോഷറിനുമായി ഹബ്ബുകളെ ബന്ധിപ്പിക്കുന്ന പരിപാടികൾ.

**നടത്തിപ്പും ചുമതലയും നിർവഹിക്കുന്ന സർക്കാർ സംവിധാനങ്ങൾ:** PPP കരാറുകൾ എല്ലാവരെയും ഉൾക്കൊള്ളുന്ന ലക്ഷ്യങ്ങൾ ഉയർത്തിപ്പിടിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും, നിരീക്ഷിക്കുന്നതിനും,

തർക്ക പരിഹാരം നൽകുന്നതിനും സർക്കാർ സംവിധാനമായ KSFDC ഒരു സഹായിയായി പ്രവർത്തിക്കണം.

**2: പൈതൃകത്തെ വീണ്ടെടുക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുക**

**ശിപാർശകൾ:**

1. **മലയാള ക്ലാസിക്ക് സിനിമകളുടെ സംരക്ഷണവും ഡിജിറ്റൽ ആർക്കൈവിംഗും:**

- **അടിയന്തിര ഇടപെടലും ഡിജിറ്റൈസേഷൻ ദൗത്യവും:** കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് താഴെ പറയുന്ന കാര്യങ്ങൾക്കായി പ്രത്യേകമായ ഫണ്ടിംഗ് അനുവദിക്കുക.
- പെട്ടെന്ന് നഷ്ടപ്പെട്ടുപോകാൻ സാധ്യതയുള്ള സിനിമകളിൽ (നൈട്രേറ്റ് ഫിലിമുകൾ, കേടുപാട് വരുന്ന പ്രിന്റുകൾ) ശ്രദ്ധ കേന്ദ്രീകരിക്കുക, പ്രധാനമായും, മുഖ്യധാരയിൽ നിന്നും പലപ്പോഴും അവഗണിക്കപ്പെടുന്ന സ്ത്രീകളും അരികുവൽക്കരിക്കപ്പെട്ട വിഭാഗത്തിൽ നിന്നുള്ളവർ സംവിധാനം ചെയ്തതോ എഴുതിയതോ ശ്രദ്ധേയമായ തരത്തിൽ അവതരിപ്പിച്ചതോ ആയ സിനിമകൾ സംരക്ഷിക്കുന്നതിൽ മുൻഗണന നൽകുക.
- **ഉയർന്ന റെസല്യൂഷൻ ഡിജിറ്റൈസേഷൻ:** അന്താരാഷ്ട്ര ആർക്കൈവൽ മാനദണ്ഡങ്ങൾ (FIAF മാർഗ്ഗനിർദ്ദേശങ്ങൾ) പാലിച്ചുകൊണ്ട് ഒരു കേന്ദ്ര ഡിജിറ്റൈസേഷൻ ലാബ് സ്ഥാപിക്കുക.

- **സമഗ്രമായ മെറ്റാഡാറ്റ:** കാറ്റലോഗിംഗിൽ വിശദമായ ക്രെഡിറ്റുകൾ, സംഗ്രഹം, പശ്ചാത്തലം എന്നിവ ഉൾപ്പെടുത്തണം.
- കേവലം അഭിനേതാക്കളെയും സംവിധായകരെയും മാത്രമല്ല, മുൻനിര എഡിറ്റർമാർ, സൗണ്ട് ഡിസൈനർമാർ, ആർട്ട് ഡയറക്ടർമാർ, നിർമ്മാതാക്കൾ എന്നിവരുടെ സൃഷ്ടികൾ കണ്ടെത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

**2 പൊതു പ്രവേശനവും, വിദ്യാഭ്യാസപരമായ അവബോധവും ഉറപ്പാക്കണം**

**ഡൈനാമിക് ഡിജിറ്റൽ ആർക്കൈവ് പോർട്ടൽ:** പൊതുജനങ്ങൾക്ക് പ്രവേശനമുള്ള, ഉപയോഗിക്കാൻ എളുപ്പമുള്ള ഒരു ഓൺലൈൻ ആർക്കൈവ് പോർട്ടൽ സൃഷ്ടിക്കുക.

**ഇവ ഉറപ്പാക്കേണ്ട കാര്യങ്ങൾ.**

- **സ്ട്രീമിംഗ് ആക്സസ്:** സൗജന്യമായോ അല്ലെങ്കിൽ കുറഞ്ഞ നിരക്കിലോ, പകർപ്പവകാശമില്ലാത്ത ക്ലാസിക്കുകളുടെയും ക്യൂറേറ്റ് ചെയ്ത വൈവിധ്യമാർന്ന അഭിപ്രായങ്ങളും ചരിത്രപരമായ ലിംഗ പ്രാതിനിധ്യങ്ങളും ഹൈലൈറ്റ് ചെയ്യുന്ന ശേഖരങ്ങളുടെ സ്ട്രീമിംഗ്.
- **വിദ്യാഭ്യാസ മൊഡ്യൂളുകൾ:** ആർക്കൈവ് ക്ലിപ്പുകൾ ഉപയോഗിച്ച് ചലച്ചിത്ര ചരിത്രം, ലിംഗ പഠനങ്ങൾ, സാമൂഹിക ചരിത്രം, മീഡിയ സാക്ഷരത എന്നിവ പഠിപ്പിക്കുന്നതിനായി സ്കൂളുകൾക്കും സർവ്വകലാശാലകൾക്കും വേണ്ടി പാഠ്യപദ്ധതിയുമായി യോജിക്കുന്ന മൊഡ്യൂളുകൾ വികസിപ്പിക്കുക.
- **വെർച്വൽ എക്സിബിഷനുകളും പശ്ചാത്തലവും:** 'മലയാള സിനിമയിലെ ക്യാമറയ്ക്ക് പിന്നിലെ സ്ത്രീകൾ', 'ക്വിയർ പ്രാതിനിധ്യത്തിന്റെ പരിണാമം', അല്ലെങ്കിൽ 'മലയാള സിനിമയിലെ ദളിത് ആഖ്യാനങ്ങൾ'പോലുള്ള വിഷയങ്ങളിൽ ഓൺലൈനായി എക്സിബിഷനുകൾ ക്യൂറേറ്റ് ചെയ്യുക.
- **പ്രാദേശിക സെന്ററുകൾ :** ഡിജിറ്റൽ ആർക്കൈവുമായി ബന്ധപ്പെട്ടു വ്യൂവിംഗ് സ്റ്റേഷനുകളുള്ള മീഡിയ ലൈബ്രറികൾ പ്രാദേശികമായി സ്ഥാപിക്കുക, പ്രത്യേകിച്ച് ജില്ലാ ആസ്ഥാനങ്ങളിലും യൂണിവേഴ്സിറ്റി നഗരങ്ങളിലും ഇവ സ്ഥാപിക്കാം.

**3 അവബോധവും ചലച്ചിത്ര സാക്ഷരതയുള്ളതുമായ പ്രേക്ഷകരെ വളർത്തുക:**

**'റീൽ പൈതൃകം'- സ്ക്രീനിംഗും ചർച്ചയും:** ചലച്ചിത്ര അക്കാദമിയും ഫിലിം സൊസൈറ്റികളും പുനഃസ്ഥാപിച്ച ക്ലാസിക്കുകളുടെ പ്രദർശനങ്ങൾ പതിവായി സംഘടിപ്പിക്കണം. ചലച്ചിത്ര പണ്ഡിതരും, ചരിത്രകാരന്മാരും, നിരൂപകരും നയിക്കുന്ന പശ്ചാത്തലങ്ങളെ വിവരിക്കുന്ന ആമുഖങ്ങളും പ്രദർശനാനന്തരം ചർച്ചകളും ഉൾപ്പെടുത്തണം. ജെൻഡർ ഡയനാമിക്സ്, പ്രാതിനിധ്യം, ചരിത്രപരമായ പശ്ചാത്തലം എന്നിവ വ്യക്തമായി ചർച്ച ചെയ്യണം.

**ലിംഗഭേദങ്ങൾ പരിഗണിച്ചുള്ള ചലച്ചിത്ര ആസ്വാദന കോഴ്സുകൾ:** ചലച്ചിത്ര അക്കാദമിയും സർവ്വകലാശാലകളും ചലച്ചിത്ര ആസ്വാദന പരിപാടികൾ സംഘടിപ്പിക്കണം. ഇതിൽ ലിംഗ പ്രാതിനിധ്യം വിശകലനം ചെയ്യുക, പക്ഷപാതം തിരിച്ചറിയുക, എല്ലാവരെയും ഉൾക്കൊള്ളുന്നതിലും ഒഴിവാക്കുന്നതിലും സിനിമ പറയുന്ന ഭാഷയുടെ വലിയ പങ്ക് മനസ്സിലാക്കുക - എന്നിങ്ങനെയുള്ള നിർബന്ധിത മൊഡ്യൂളുകൾ ഇതിൽ ഉൾപ്പെടുത്തണം.

**വിവിധ ഗവേഷകർക്കുള്ള ആർക്കൈവൽ ഫെല്ലോഷിപ്പുകൾ:** സ്ത്രീകൾ, LGBTQIA+, ദളിത്/ബഹുജൻ ഗവേഷകർ എന്നിവർക്ക് ആർക്കൈവ് പര്യവേക്ഷണം ചെയ്യുന്നതിനും മറഞ്ഞിരിക്കുന്ന ചരിത്രങ്ങൾ കണ്ടെത്താനും വ്യത്യസ്ത കാഴ്ചപ്പാടുകളിൽ നിന്ന് മലയാള സിനിമയെക്കുറിച്ച് പുതിയ പഠനങ്ങൾ നിർമ്മിക്കാനും പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായമുള്ള ഗവേഷണ ഫെല്ലോഷിപ്പുകൾ അവതരിപ്പിക്കുക.

**കമ്മ്യൂണിറ്റി ക്യൂറേഷൻ പ്രോജക്റ്റുകൾ:** പ്രാദേശിക കൂട്ടായ്മകളെ പ്രത്യേകിച്ച് വനിതാ ഗ്രൂപ്പുകളെയും യുവജന കൂട്ടായ്മകളെയും, ഉൾപ്പെടുത്തി സിനിമയുടെ പ്രാദേശിക ചരിത്ര പ്രദർശനങ്ങളോ,  വാക്കാൽ വിവരിക്കാൻ കഴിയുന്ന അവരുടെ സിനിമാ അനുഭവങ്ങളോ പ്രാതിനിധ്യത്തെ കുറിച്ചുള്ള വിവരങ്ങളോ ക്യൂറേറ്റ് ചെയ്യണം.

**ചുരുക്കം:**

ആധുനികവും, എല്ലാവർക്കും പ്രാപ്യമായതും, എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സംവിധാനം, മികച്ച സൗകര്യങ്ങൾ മാത്രമല്ല മുന്നോട്ടു വയ്ക്കുന്നത്; വൈവിധ്യമാർന്ന പ്രതിഭകളെ ശാക്തീകരിക്കുന്നതും, അവർക്ക് അവസരം ലഭിക്കുന്നതിനുമുള്ള തടസ്സങ്ങൾ കുറയ്ക്കുന്നതുമായ, തുല്യമായ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചാണ് ഇത് സംസാരിക്കുന്നത് .

അതേസമയം തന്നെ, വിമർശനാത്മകമായി ഇടപെടുന്ന, ഊർജ്ജസ്വലതയുള്ള ഒരു സിനിമാ ആർക്കൈവ് കേവലം ഭൂതകാലത്തിന്റെ ഒരു മ്യൂസിയമല്ല, അത് ഒരേ സമയം വിദ്യാഭ്യാസത്തിനും നമ്മുടെ സാമൂഹിക പരിണാമത്തിന് നേരെ പിടിച്ച ഒരു കണ്ണാടി എന്നിവയ്ക്കുള്ള ഒരു പ്രധാന ഉപകരണമാണ്. സ്ത്രീകളുടെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെയും സംഭാവനകളും പോരാട്ടങ്ങളും മായ്ച്ചുകളയപ്പെടുന്നില്ലെന്ന് ഉറപ്പാക്കുകയും അവ നിരന്തരമായി ഓർമ്മിക്കപ്പെടുകയും അവയിൽ നിന്നും പാഠം ഉൾക്കൊള്ളാൻ അനുവദിക്കുകയും ചെയ്യൽ ഈ പ്രക്രിയകളിലെ വലിയൊരു ഉത്തരവാദിത്തമാണ്.

KERALA
FILM POLICY
CONCLAVE
നല്ല സിനിമ നല്ല നാളെ

# ഫിലിം ടൂറിസം, സോഫ്റ്റ് ഇക്കണോമിക് പവർ, ആഗോളവ്യാപകമായ നിർമാണം എന്നിവയ്ക്കായി മലയാള സിനിമയെ ഉപയോഗപ്പെടുത്തുക



## ടൂറിസം, സോഫ്റ്റ് ഇക്കണോമിക് പവർ, ആഗോളവ്യാപകമായ നിർമ്മാണം എന്നിവയ്ക്കായി മലയാള സിനിമയെ ഉപയോഗപ്പെടുത്തുക

കലാപരമായ മികവിനും ആധികാരികമായ കഥാഖ്യാനത്തിനും പേരുകേട്ട മലയാള സിനിമയ്ക്ക് ടൂറിസം വളർച്ചയ്ക്കും സാംസ്കാരിക നയതന്ത്രത്തിനും ആഗോള സാമ്പത്തിക സ്വാധീനത്തിനും വലിയ സാധ്യതകളുണ്ട്. സമീപകാലത്ത് ആഗോളതലത്തിൽ ലഭിച്ച അംഗീകാരം കേരളത്തിന്റെ പ്രകൃതിഭംഗിയിലേക്കും സംസ്കാരത്തിലേക്കും ശ്രദ്ധ ക്ഷണിച്ചിട്ടുണ്ടെങ്കിലും, ഈ വിജയങ്ങളെ നിലനിൽക്കുന്ന സാമ്പത്തിക നേട്ടങ്ങളാക്കി മാറ്റുന്നതിനും ആഗോളതലത്തിൽ കേരളത്തിന്റെ സ്ഥാനം ഉയർത്തുന്നതിനും ഒരു തന്ത്രപരമായ, ഏകോപിത സമീപനം ആവശ്യമാണ്. മലയാള സിനിമയുടെ ഇത്തരത്തിലുള്ള സാമ്പത്തിക സാധ്യതയുടെ കരുത്ത് ഒരു സോഫ്റ്റ് പവർ എന്ന നിലയിൽ ഉപയോഗപ്പെടുത്തുന്നതിനും അന്താരാഷ്ട്ര സിനിമാ നിർമ്മാണങ്ങളെ ആകർഷിക്കുന്നതിനും കേരളത്തെ സിനിമാ ടൂറിസത്തിനും ഉയർന്ന മൂല്യമുള്ള ചലച്ചിത്ര നിർമ്മാണത്തിനുമുള്ള ഒരു പ്രധാന കേന്ദ്രമായി സ്ഥാപിക്കുന്നതിനും, അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാംസ്കാരിക കൈമാറ്റത്തിനും ബ്രാൻഡ് മൂല്യം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തന തന്ത്രങ്ങൾ ഈ ചർച്ചാ രേഖയിൽ വ്യക്തമാക്കുന്നു.

**ശിപാർശകൾ:**

**1. ടൂറിസത്തിനും സാംസ്കാരിക ബ്രാൻഡിംഗിനും ഉത്തേജകമായി സിനിമ**

കേരളത്തിന്റെ സംസ്കാരം, പ്രകൃതിദൃശ്യങ്ങൾ, സാമൂഹിക ഘടന എന്നിവയെ ആധികാരികവും വൈകാരികവുമായി ബന്ധിപ്പിക്കുന്ന ഒരു ജാലകമാണ് മലയാള സിനിമ. ഇത് ഒരേസമയം ഒരു സാംസ്കാരിക ഉല്പന്നവും ടൂറിസം ആകർഷണവുമായി മാറുന്നു് എന്നതാണ് വസ്തുത.

A. ‘**സിനിമയിലൂടെ കേരളത്തെ അറിയുക’ സർക്യൂട്ട്:** പ്രധാന സിനിമാ ലൊക്കേഷനുകളെയും കഥകളെയും അടിസ്ഥാനമാക്കി തീം ടൂറുകൾ വികസിപ്പിക്കുക. സിനിമാ പ്രദർശനങ്ങൾ, പ്രാദേശിക അണിയറപ്രവർത്തകരുമായും അഭിനേതാക്കളുമായും ഉള്ള സംവാദം, സിനിമകളിൽ കാണിച്ചിട്ടുള്ള പാചകാനുഭവങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ പാക്കേജുകൾ സൃഷ്ടിക്കാൻ ടൂർ ഓപ്പറേറ്റർമാരുമായും ഹോംസ്റ്റേ ശൃംഖലകളുമായും സഹകരിക്കുക.

B. **ഫിലിം ലൊക്കേഷൻ ഡാറ്റാബേസും സൗകര്യങ്ങളും:** സിനിമ, പ്രകൃതിയുടെ പ്രത്യേകത, പ്രവേശനക്ഷമത, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ അനുസരിച്ച് ലൊക്കേഷനുകൾ തരംതിരിച്ച് KSFDC/ടൂറിസം വകുപ്പ് ഹോസ്റ്റ് ചെയ്യുന്ന ഒരു ചലനാത്മകവും ദൃശ്യസമ്പന്നവുമായ ഓൺലൈൻ ‘കേരളാ ഫിലിം ലൊക്കേഷൻ ലൈബ്രറി’ സൃഷ്ടിക്കുക. ലൊക്കേഷൻ സ്കൗട്ടുകൾക്കു വേണ്ടി ഇത് സിംഗിൾ വിൻഡോ ക്ലിയറൻസ് പോർട്ടലുമായി സംയോജിപ്പിക്കുക. പ്രധാന ജില്ലകളിൽ പ്രാദേശിക ‘ഫിലിം ടൂറിസം അംബാസഡർമാരെ’ പരിശീലിപ്പിക്കുക. ഇവർ ലൊക്കേഷൻ സ്കൗട്ടുകളെയും ചലച്ചിത്ര പ്രവർത്തകരെയും സഹായിക്കുകയും സമൂഹത്തിന്റെ പങ്കാളിത്തവും സാമ്പത്തിക വളർച്ചയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

C. **ഫെസ്റ്റിവലുകൾ, സാംസ്കാരിക നയതന്ത്രം എന്ന നിലയിൽ:** പുനഃസ്ഥാപിച്ച ക്ലാസിക്കൽ ചിത്രങ്ങളുടെയും സമകാലിക മലയാള സിനിമകളുടെയും ടൂറിംഗ് പാക്കേജുകൾ, അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, ഇന്ത്യൻ എംബസികൾ എന്നിവിടങ്ങളിലേക്ക് ക്യൂറേറ്റ് ചെയ്യുകയും സ്പോൺസർ ചെയ്യുകയും ചെയ്യുക. ഇതിനോടൊപ്പം സംവിധായകരുമായുള്ള അഭിമുഖങ്ങളും ചോദ്യോത്തര സെഷനുകളും കേരള ടൂറിസം പ്രദർശനങ്ങളും ഉൾപ്പെടുത്തുക. ‘ഇന്ത്യയുടെ പുരോഗമനപരവും കലാപരവുമായ മുഖം’ എന്ന നിലയിൽ മലയാള സിനിമയെ ഉയർത്തിക്കാട്ടുക.

D. **തന്ത്രപരമായ ചലച്ചിത്ര പൊസിഷനിംഗിലൂടെ കേരളത്തിന്റെ ആഗോള പ്രതിച്ഛായ ഉയർത്തുക:** കേവലം നിഷ്ക്രിയമായ അഭിനന്ദനത്തിനപ്പുറം സജീവമായ ആഗോള ബ്രാൻഡ് നിർമ്മാണത്തിന് ഏകീകൃതമായ ഒരു ആഖ്യാനവും, അതു ലക്ഷ്യമിട്ടുള്ള പ്രചാരണവും ആവശ്യമാണ്.

E. **God's Own Backdrop അന്താരാഷ്ട്ര മാർക്കറ്റിംഗ് ക്യാമ്പയിൻ:** പ്രമുഖ മലയാള സിനിമകളിൽ കാണിച്ചിട്ടുള്ള കേരളത്തിന്റെ സിനിമാറ്റിക് ലാൻഡ്സ്കേപ്പുകൾ എടുത്തു കാണിച്ചുകൊണ്ട് കേരള ടൂറിസവും പ്രധാന OTT പ്ലാറ്റ്ഫോമുകളും (Netflix, Prime, MUBI)ചേർന്ന് കോ-ബ്രാൻഡഡ് ക്യാമ്പയിനുകൾ സംഘടിപ്പിക്കുക. യൂറോപ്പ്, മിഡിൽ ഈസ്റ്റ്, തെക്കുകിഴക്കൻ ഏഷ്യ തുടങ്ങിയ പ്രധാന അന്താരാഷ്ട്ര മാർക്കറ്റുകളെ ലക്ഷ്യമിടുക. ഓസ്കാർ നോമിനേഷനുകൾ, പ്രധാന ഫെസ്റ്റിവൽ വിജയങ്ങൾ തുടങ്ങിയ പ്രധാന  സന്ദർഭങ്ങളിൽ സിനിമയുടെ കേരളത്തിലെ ലൊക്കേഷനുകളും സാംസ്കാരിക പശ്ചാത്തലവും പ്രദർശിപ്പിക്കുന്ന റാപിഡ് റെസ്പോൺസ് സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ  സംഘടിപ്പിക്കുക.

F. **ഉള്ളടക്ക നയതന്ത്രവും ആഖ്യാനരൂപീകരണവും:** കേരളത്തിന്റെ സാമൂഹിക വികസനം, പരിസ്ഥിതി അവബോധം (ഹരിത സിനിമ), ലിംഗപരമായ പുരോഗമനം, സാംസ്കാരിക വൈവിധ്യം എന്നിവ ഉൾപ്പെടുന്ന സിനിമകൾ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലൂടെയും സാംസ്കാരിക കൈമാറ്റങ്ങളിലൂടെയും അന്താരാഷ്ട്ര പ്രേക്ഷകരിലേക്ക് എത്തിക്കുക. പ്രധാന മലയാള സിനിമകൾക്ക് പ്രധാന ലോക ഭാഷകളിൽ (സ്പാനിഷ്, ഫ്രഞ്ച്, മാൻഡരിൻ, അറബി) ഡബ്ബിംഗും സബ്ടൈറ്റിലും സൃഷ്ടിക്കുന്നതിനു പിന്തുണ നൽകുക.  വിദേശ സിനിമകളെ അനുകരിക്കുന്നതിനെക്കാൾ സമകാലികവും പരിണാമം സംഭവിക്കുന്നതുമായ മലയാളസിനിമയെ അവതരിപ്പിക്കുക എന്നതിന് മുൻതൂക്കം നല്കുക.

G. **'കേരളാ ഫിലിം അംബാസഡർ' പ്രോഗ്രാം:** പ്രമുഖരായ മലയാള സംവിധായകരെയും അഭിനേതാക്കളെയും സാങ്കേതികപ്രവർത്തകരെയും ഔദ്യോഗിക സാംസ്കാരിക അംബാസഡർമാരായി നിയമിക്കുക. ഇവർ അന്താരാഷ്ട്ര ഫോറങ്ങളിലും മാസ്റ്റർ ക്ലാസുകളിലും ടൂറിസം പ്രൊമോഷനുകളിലും പങ്കെടുക്കുകയും കേരളത്തിന്റെ സർഗാത്മകതയെക്കുറിച്ച് സംസാരിക്കുകയും ചെയ്യും.

H. **കേരളത്തെ ഒരു ആഗോള ചലച്ചിത്ര, OTT നിർമ്മാണ കേന്ദ്രമായി പൊസിഷൻ ചെയ്യുക:** ഉയർന്ന മൂല്യമുള്ള അന്താരാഷ്ട്ര, പാൻ-ഇന്ത്യൻ നിർമ്മാണങ്ങളെ ആകർഷിക്കാൻ മത്സരാധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങളും പ്രോത്സാഹനങ്ങളും കാര്യക്ഷമമായ നടപടിക്രമങ്ങളും ആവശ്യമാണ്.

I. **സാമ്പത്തിക പ്രോത്സാഹന പാക്കേജ്:** മികച്ച 'കേരളാ ഫിലിം പ്രൊഡക്ഷൻ റിബേറ്റ്' (അംഗീകൃത ചെലവുകളിൽ 25-30% - ലൊക്കേഷൻ ഫീസ്, പ്രാദേശിക ക്രൂ, താമസം, സ്റ്റുഡിയോ വാടക, പ്രാദേശികമായി ചെയ്യുന്ന VFX) അവതരിപ്പിക്കുക. നിർബന്ധമായും OTT സീരീസുകളും ഡോക്യുമെന്ററികളും ഇതിൽ ഉൾപ്പെടുത്തുക.

### 2 ഇനിപ്പറയുന്ന നിർമ്മാണങ്ങൾക്ക് 5% അധിക ബോണസ് റിബേറ്റ് വാഗ്ദാനം ചെയ്യുക: നിർദ്ദേശിതമായ ഇന്റഗ്രേറ്റഡ് മീഡിയ പ്രൊഡക്ഷൻ ഹബ്ബുകൾ ഉപയോഗപ്പെടുത്തുന്നവ.

- കേരളത്തിന്റെ തനതായ സാംസ്കാരിക ഘടകങ്ങൾ ആധികാരികമായി അവതരിപ്പിക്കുന്നവ.
- പ്രധാന സാങ്കേതിക വിഭാഗങ്ങളിൽ നിശ്ചിത ശതമാനം കേരളത്തിൽ നിന്നുള്ള ക്രൂവിനെ ഉപയോഗിക്കുന്നവ.

- ◦ വേഗത്തിലുള്ള (30 ദിവസം) റീബേറ്റ് പ്രോസസ്സിംഗ് ഉറപ്പാക്കുക.
- ◦ ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും, ഫാസ്റ്റ്-ട്രാക്ക് ഇന്റഗ്രേറ്റഡ് മീഡിയ ഹബ്ബുകൾ, വെർച്വൽ പ്രൊഡക്ഷൻ സ്റ്റേജുകൾ, ഹൈ-എൻഡ് പോസ്റ്റ്-പ്രൊഡക്ഷൻ കേന്ദ്രങ്ങൾ, വൈദഗ്ധ്യമുള്ള പ്രാദേശിക തൊഴിലാളികൾ എന്നിവയുള്ള സൗകര്യങ്ങളുടെ വികസനത്തിന് മുൻഗണന നൽകുക.

A. **ഫിലിം കേരളാ കോൺസിയേർജ് സേവനം:** അന്താരാഷ്ട്ര നിർമ്മാണങ്ങൾക്കായി എൻഡ്-ടു-എൻഡ് പിന്തുണ നൽകുന്നതിന് ഒരു പ്രത്യേക KSFDC യൂണിറ്റ് സ്ഥാപിക്കുക: ലൊക്കേഷൻ സ്കൗട്ടിംഗ്, പെർമിറ്റ് സൗകര്യങ്ങൾ, വെണ്ടർ ബന്ധങ്ങൾ, ടാലന്റ് സോഴ്സിംഗ്, സാംസ്കാരിക ഏകോപനം എന്നിവ നിർവഹിക്കുന്നതിനെ ഉദ്ദേശിച്ചായിരിക്കണമിത്.

B. **അന്താരാഷ്ട്ര വേദികളിലെ പ്രദർശനം,** പങ്കാളിത്തം വളർത്തൽ, അന്താരാഷ്ട്ര മാർക്കറ്റ്

ലക്ഷ്യമിട്ടുള്ള ഫിലിം റോഡ്ഷോകൾ: പ്രധാന അന്താരാഷ്ട്ര ചലച്ചിത്ര വിപണികളിലും (Cannes, AFM, Busan) OTT കണ്ടന്റ് ഉച്ചകോടികളിലും കേരളത്തിന്റെ ഇൻസന്റീവുകൾ, ലൊക്കേഷനുകൾ, അടിസ്ഥാന സൗകര്യങ്ങൾ, വിജയകഥകൾ (success stories) എന്നിവ പ്രദർശിപ്പിച്ചുകൊണ്ട് സജീവമായി പങ്കെടുക്കുക.

C. **സഹ-നിർമ്മാണ കരാറുകൾ:** കേരളം ആസ്ഥാനമായുള്ള സഹ-നിർമ്മാണങ്ങൾക്ക് എളുപ്പത്തിൽ ധനസഹായം, ക്രൂ കൈമാറ്റം, മാർക്കറ്റ് പ്രവേശനം എന്നിവ സുഗമമാക്കുന്നതിന് പ്രധാന രാജ്യങ്ങളുമായി (ഫ്രാൻസ്, കാനഡ, ദക്ഷിണ കൊറിയ, ജപ്പാൻ) ഉഭയകക്ഷി സഹ-നിർമ്മാണ കരാറുകൾ ഉണ്ടാക്കുക.

D. **ബ്യൂറോക്രസി കാര്യക്ഷമമാക്കുക:** അന്താരാഷ്ട്ര പ്രോജക്റ്റുകൾക്കായി സിംഗിൾ വിൻഡോ ക്ലിയറൻസ് തടസ്സങ്ങളില്ലാതെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക, അതിനായി പ്രത്യേക ബഹുഭാഷാ പിന്തുണയും ഉറപ്പാക്കുക.

**ചുരുക്കം**

മലയാള സിനിമ കേരളത്തിന്റെ ഏറ്റവും ശക്തവും എന്നാൽ വേണ്ടത്ര ഉപയോഗപ്പെടുത്താത്തതുമായ സോഫ്റ്റ് പവർ ആസ്തിയാണ്. കലാപരമായ മികവ്, ആഗോളതലത്തിൽ ആകർഷകമായ ലൊക്കേഷനുകൾ, പുരോഗമനപരമായ സാമൂഹിക ബ്രാൻഡ് എന്നിവയുടെ സംയോജനം ഒരു സവിശേഷമായ അവസരമാണ് നൽകുന്നത്. പ്രധാന സിനിമാ ലൊക്കേഷനുകളെ ഇമ്മേഴ്സീവ് ടൂറിസം അനുഭവങ്ങളുമായി തന്ത്രപരമായി ബന്ധിപ്പിച്ചുകൊണ്ടും, ക്യൂറേറ്റ് ചെയ്ത സിനിമാറ്റിക് കയറ്റുമതികളിലൂടെ കേരളത്തിന്റെ ആഗോള ആഖ്യാനം സജീവമായി രൂപപ്പെടുത്തിക്കൊണ്ടും, അന്താരാഷ്ട്ര നിർമ്മാണങ്ങൾക്കായി ലോകോത്തരവും പ്രോത്സാഹനപരവുമായ ഒരു ആവാസവ്യവസ്ഥ സ്ഥാപിച്ചുകൊണ്ടും, മലയാള സിനിമയുടെ നിരൂപക പ്രശംസയെ സാമ്പത്തിക വളർച്ചയും സാംസ്കാരിക സ്വാധീനവും ആഗോള അംഗീകാരവുമാക്കി മാറ്റാൻ കേരളത്തിന് കഴിയും.

# ചലച്ചിത്ര വിദ്യാഭ്യാസവും സമൂഹ പങ്കാളിത്തവും- ചലച്ചിത്രമേളകൾ, ഫിലിം സൊസൈറ്റികൾ എന്നിവയുടെ പങ്ക്



## ചലച്ചിത്ര വിദ്യാഭ്യാസവും സമൂഹ പങ്കാളിത്തവും- ചലച്ചിത്രമേളകൾ, ഫിലിം സൊസൈറ്റികൾ എന്നിവയുടെ പങ്ക്

**ആമുഖം**

സിനിമ ഒരു മഹത്തായ സാംസ്കാരിക ഉൽപന്നമാണ്. അന്താരാഷ്ട്ര ചലച്ചിത്ര ഭൂപടത്തിൽ മലയാള സിനിമയെ അടയാളപ്പെടുത്തിയത് ഉയർന്ന സാംസ്കാരിക മൂല്യങ്ങൾ പ്രസരിപ്പിക്കുന്ന മികച്ച മലയാള സിനിമകളാണ്. നിരവധി പേർക്ക് തൊഴിലും സർക്കാരിന് നികുതിയിനത്തിൽ വരുമാനവും നൽകുന്ന വിപണിമൂല്യമുള്ള ഉൽപന്നം എന്നതിനു പുറമേ സിനിമയെ ഒരു സാംസ്കാരിക പ്രവർത്തനമായി (cultural activity) കാണാനും അതിനെ പരിപോഷിപ്പിക്കുവാനും അന്തർദേശീയ തലത്തിൽ മലയാള സിനിമയുടെ ഖ്യാതി വളർത്താനും സഹായമാകുന്ന തരത്തിൽ ചലച്ചിത്ര വിദ്യാഭ്യാസത്തിനും സിനിമാവബോധ നിർമിതിക്കും സഹായകമാകുന്ന ചില നിർദേശങ്ങളാണ് ഇവിടെ പരാമർശിക്കുന്നത്.

മലയാള സിനിമ മുന്നോട്ട് പോകണമെങ്കിൽ കേവലം നല്ല സിനിമകൾ മാത്രം പോര.

- സിനിമയെ ആഴത്തിലും പരപ്പിലും മനസിലാക്കാനറിയുന്ന പ്രേക്ഷകർ
- പുതിയ കലാകാരന്മാരെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ
- സിനിമാ സൊസൈറ്റികളും ക്ലബ്ബുകളും
- നല്ല ചലച്ചിത്രോത്സവങ്ങൾ

ഇവയെല്ലാം ശക്തിപ്പെടുത്താനുള്ള വഴികളെക്കുറിച്ചാണ് ഈ രേഖ ചർച്ച ചെയ്യുന്നത്.

### 1. സിനിമാ സൊസൈറ്റികളും ക്ലബ്ബുകളും ശക്തിപ്പെടുത്തുക

നിലവിലെ അവസ്ഥ

- സിനിമാ സൊസൈറ്റികൾക്ക് പണത്തിന്റെ കുറവ്
- വിഭവങ്ങളുടെ അഭാവം
- യുവാക്കളിൽ എത്തിപ്പെടാൻ കഴിയുന്നില്ല

**ശിപാർശകൾ:**

സർക്കാർ സഹായം:

- കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി വഴി പ്രത്യേക ഫണ്ട്
- ഫിലിം സൊസൈറ്റികളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ പണം നൽകുക
- ഗ്രാമീണ പ്രദേശങ്ങളിലെ സൊസൈറ്റികൾക്ക് കൂടുതൽ പ്രാധാന്യം

A. **പ്രത്യേക പ്രോജക്റ്റുകൾക്ക് പിന്തുണ:**

- സ്ത്രീ സംവിധായകരുടെ സിനിമകൾ കാണിക്കുന്നതിന്
- പരിസ്ഥിതി വിഷയത്തിലുള്ള സിനിമകൾക്ക്
- കുട്ടികളുടെ സിനിമകൾക്ക്
- ദളിത്/പിന്നാക്ക വിഷയം പ്രമേയമാക്കിയ കഥകൾക്ക്

B. **വൈവിധ്യമാർന്ന സിനിമകൾ കാണിക്കണം:**

- വ്യത്യസ്ത തരം സിനിമകൾ
- വ്യത്യസ്ത ഭാഷകൾ
- പഴയതും പുതിയതുമായ സിനിമകൾ

C. **റിസോഴ്സ് ഷെയറിംഗ് സെന്റേഴ്സ്**

- ജില്ലാ ലൈബ്രറികളിൽ സിനിമാ വിഭാഗം
- പ്രൊജക്ടർ വാടകയ്ക്ക് കൊടുക്കുക
- നല്ല സിനിമകളുടെ ഡിജിറ്റൽ കളക്ഷൻ

D. **നെറ്റ് വർക്കിംഗ്:**

- ഫിലിംസൊസൈറ്റി പ്രവർത്തകരുടെ കൂട്ടായ്മകൾ
- അനുഭവങ്ങൾ പങ്കിടാനുള്ള ഓൺലൈൻ ഫോറം

## 2. സിനിമാ വിദ്യാഭ്യാസം മെച്ചപ്പെടുത്തുക

നിലവിലെ അവസ്ഥ

- സിനിമാ സ്കൂളുകളിൽ ആധുനിക ഉപകരണങ്ങളുടെ അഭാവം
- വ്യവസായവുമായി ബന്ധം പരിമിതം
- പിന്നോക്ക വിഭാഗക്കാർക്ക് പ്രവേശനം ബുദ്ധിമുട്ട്

**ശിപാർശകൾ:**

സ്ഥാപനങ്ങൾക്ക് സഹായം:

- പുതിയ ഉപകരണങ്ങൾ വാങ്ങാൻ സാമ്പത്തിക സഹായം
- എഡിറ്റിംഗ് ലാബ്
- ലാബ് ആധുനികമാക്കുക
- വെർച്വൽ പ്രൊഡക്ഷൻ ടൂളുകൾ സജ്ജമാക്കൽ
- പലിശയില്ലാത്ത ലോൺ

A. **പാഠ്യപദ്ധതി പുതുക്കുക:**

- AI, OTT പ്ലാറ്റ്ഫോം എന്നിവയെക്കുറിച്ച് കൃത്യമായ ധാരണ നൽകുക
- പരിസ്ഥിതി സൗഹൃദ സിനിമാ നിർമ്മാണം
- സിനിമാ മേഖലയിലെ വിദഗ്ധരെ അധ്യാപകരായി കൊണ്ടുവരാനുതകും വിധം സജ്ജീകരണങ്ങൾ ശക്തമാക്കുക.

B. **എല്ലാ ജില്ലകളിലും ചലച്ചിത്ര പഠനത്തിനുള്ള കേന്ദ്രങ്ങൾ**

- തിരുവനന്തപുരം/കൊച്ചിക്ക് പുറത്തുള്ള സ്ഥലങ്ങളിൽ പ്രാധാന്യം
- പ്രാദേശിക കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക

### 3. പിന്നാക്ക വിഭാഗങ്ങൾക്ക് സ്കോളർഷിപ്പ്

നിലവിലെ അവസ്ഥ

SC / ST / OBC, സാമ്പത്തികമായി പിന്നോക്ക വിഭാഗത്തിലുള്ള സ്ത്രീകൾ, LGBTQIA+ വിഭാഗക്കാർ എന്നിവർക്ക് സിനിമാ വിദ്യാഭ്യാസത്തിന് ബുദ്ധിമുട്ട് നേരിടുന്നു

**ശിപാർശകൾ:**

A. **സ്കോളർഷിപ്പ്:**

- കേരള ചലച്ചിത്ര അക്കാദമിക്ക് നൽകാൻ കഴിയുന്ന 'മലയാളം സിനിമ ആക്സസ് സ്കോളർഷിപ്പ്'
- ട്യൂഷൻ, താമസം, ജീവിത ചെലവ് – സൗജന്യമായി നൽകുക.

B. **ശരിയായ പ്രചാരണം:**

- കമ്മ്യൂണിറ്റി സംഘടനകളിലൂടെ വിവരങ്ങൾ എത്തിക്കുക
- ഗ്രാമീണ പ്രദേശങ്ങളിൽ പ്രചാരണം
- പ്രാദേശിക ഭാഷകളിൽ പരസ്യം

C. **മെന്റർഷിപ്പ് നിർബന്ധം:**

- സമാന പശ്ചാത്തലത്തിലുള്ള സിനിമാ പ്രൊഫഷണലുകൾ മാർഗദർശനം നൽകണം

D. **സിനിമാ സൊസൈറ്റി അംഗത്വം:**

- സ്കോളർഷിപ്പിന്റെ ഭാഗമായി സൗജന്യ അംഗത്വം

E. **കമ്മ്യൂണിറ്റി പരിശീലനം:**

- പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങൾക്കായി പ്രത്യേക വർക്ക്ഷോപ്പുകൾ
- NGO-കളും കമ്മ്യൂണിറ്റി സംഘടനകളും നടത്തുന്ന പരിശീലനത്തിന് ധനസഹായം

### 4. വർക്ക്ഷോപ്പുകളും മാസ്റ്റർ ക്ലാസുകളും

നിലവിൽ പ്രശ്നങ്ങൾ

- ചലച്ചിത്ര വിദഗ്ധരുമായി കൂടിക്കാഴ്ചയ്ക്കുള്ള അവസരങ്ങൾ കുറവ്
- പ്രത്യേക വൈദഗ്ധ്യം നേടാനുള്ള അവസരങ്ങൾ ചെലവേറിയ സ്വകാര്യ വർക്ക്ഷോപ്പുകളിൽ മാത്രം

**ശിപാർശകൾ:**

സർക്കാർ സ്പോൺസർ ചെയ്യുന്ന വർക്ക്ഷോപ്പ് പരമ്പര:

- കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ഈ പരിപാടി എല്ലാ വർഷവും  സംഘടിപ്പിക്കുക

A. വൈവിധ്യമാർന്ന വിഷയങ്ങൾ:

- സ്ത്രീകൾക്കായുള്ള ഡോക്യുമെന്ററി സംവിധാനം
- പ്രാദേശിക കഥകൾക്കുള്ള സൗണ്ട് / വിഷ്വൽ ഡിസൈൻ ഒരുക്കൽ

- സ്വതന്ത്ര നിർമ്മാതാക്കൾക്കായി AI ടൂളുകൾ
- ദേശീയ/അന്താരാഷ്ട്ര മാസ്റ്റർമാരുടെ ക്ലാസുകൾ

B. **എല്ലാ ജില്ലകളിലും പരിപാടികൾ:**

- യൂണിവേഴ്സിറ്റി ക്യാമ്പസുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ ഉപയോഗിക്കുക

C. **ഓൺലൈൻ ലഭ്യത:**

- പ്രധാന സെഷനുകൾ തത്സമയം കാണാം
- പിന്നീട് കാണാനായി സേവ് ചെയ്യുക

D. **കുറഞ്ഞ നിരക്ക്:**

- വിദ്യാർത്ഥികൾക്കും സൊസൈറ്റി അംഗങ്ങൾക്കും 25–50% ഇളവ്
- പിന്നാക്ക വിഭാഗക്കാർക്ക് പ്രത്യേക ഇളവ്

E. **ട്രെയിൻ ദി ട്രെയിനർ പ്രോഗ്രാം:**

- പ്രാദേശിക സൊസൈറ്റി അംഗങ്ങളെ പരിശീലിപ്പിക്കുക
- അവർക്കു കമ്മ്യൂണിറ്റിയിൽ ക്ലാസുകൾ നടത്താം

**5. ചലച്ചിത്രോത്സവങ്ങൾ വികസിപ്പിക്കുക**

നിലവിലുള്ള പ്രശ്നങ്ങൾ

- മലയാള സിനിമയ്ക്ക് ശക്തമായ വിപണി ഇല്ല, മാർക്കറ്റിംഗ് അവസരങ്ങൾ കുറവ്.

**ശിപാർശകൾ:**

A. **പ്രത്യേക വിഷയങ്ങളിലുള്ള ഫെസ്റ്റിവലുകൾ:**

- ലിംഗസമത്വം, പരിസ്ഥിതി, കുട്ടികളുടെ സിനിമകൾ
- ദളിത്/പിന്നാക്ക ശബ്ദങ്ങൾ
- പ്രാദേശിക ഭാഷകൾ

B. **ഫെസ്റ്റിവൽ ഡെവലപ്മെന്റ് ഫണ്ട്:**

- പുതിയ ചലച്ചിത്രോത്സവങ്ങൾക്ക് സീഡ് മണി
- നടത്തിപ്പിനുള്ള സഹായം

C. **ലോജിസ്റ്റിക്കൽ പിന്തുണ:**

- KSFDC /കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ വേദികൾ
- ഉപകരണങ്ങൾ, ഗസ്റ്റ് റിലേഷൻസ് മാനേജ്മെന്റ്

D. **കുറഞ്ഞ നിരക്കിൽ ടിക്കറ്റ്:**

- വിദ്യാർത്ഥികൾക്കും സൊസൈറ്റി അംഗങ്ങൾക്കും സബ്സിഡി
- IFFK-യോടൊപ്പം കേരള ഫിലിം മാർക്കറ്റ് (KFM)
- സിനിമാ വ്യവസായത്തിനുള്ള വിപണി

A. KFM – **ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

- മലയാള സിനിമകൾ (പൂർത്തിയായവയും നിർമ്മാണത്തിലുള്ളവയും)
- OTT പ്ലാറ്റ്ഫോമുകൾ, വിതരണക്കാർ എന്നിവരെ എത്തിക്കുക.
- പുതിയ സംവിധായകരുടെ / ചലച്ചിത്ര പ്രവർത്തകരുടെ സിനിമകൾ പ്രദർശിപ്പിക്കുക, വിറ്റ് പോകുന്നതിനോ വിതരണം ചെയ്യപ്പെടുന്നതിനോ ഉള്ള അവസരം സൃഷ്ടിക്കുക.

**മാർക്കറ്റ് ആക്സസ് ഫണ്ട്:**

- കേരളത്തിലെ പ്രൊഡ്യൂസർമാർക്ക് (പുതിയവർക്ക് പ്രത്യേകിച്ച്) പങ്കെടുക്കാൻ സബ്സിഡി

B. **കോ-പ്രൊഡക്ഷൻ ഫോറം:**

- കേരളത്തിലെയും മറ്റിടങ്ങളിലെയും പ്രൊഡ്യൂസർമാർ തമ്മിൽ കൂടിക്കാഴ്ചകൾ

C. **പ്രൊഫഷണൽ പരിശീലനം:**

- സിനിമാ മാർക്കറ്റിംഗ്, വിതരണം, ധനസഹായം എന്നിവയെക്കുറിച്ചുള്ള ക്ലാസുകൾ

**ചുരുക്കം:**

**പ്രധാന ലക്ഷ്യങ്ങൾ:**

1. സിനിമാ സൊസൈറ്റികളെ ശക്തിപ്പെടുത്തുക- സാമ്പത്തിക സഹായവും വിഭവങ്ങളും നൽകി പ്രാദേശിക സാംസ്കാരിക കേന്ദ്രങ്ങളാക്കുക
2. സിനിമാ വിദ്യാഭ്യാസം നവീകരിക്കുക - ആധുനിക ഉപകരണങ്ങളും വ്യവസായ ബന്ധവുമുള്ള തൊഴിൽ ശക്തി സൃഷ്ടിക്കുക
3. പ്രവേശന തടസ്സങ്ങൾ നീക്കുക - പിന്നാക്ക വിഭാഗങ്ങൾക്ക് പൂർണ്ണ സ്കോളർഷിപ്പും മെന്റർഷിപ്പും
4. തുടർ പഠന അവസരങ്ങൾ- എത്തിപ്പെടാവുന്ന വർക്ക്ഷോപ്പുകളും മാസ്റ്റർ ക്ലാസുകളും
5. ചലച്ചിത്രോത്സവ വികസനം - വൈവിധ്യമാർന്ന ഫെസ്റ്റിവലുകളും ശക്തമായ ഫിലിം മാർക്കറ്റും
6. സഹകരണം - സർക്കാർ (KSCA, KSFDC), വ്യവസായം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് പ്രവർത്തിക്കുക

**ഫലം:**

- കൂടുതൽ വിവേചനശേഷിയുള്ള പ്രേക്ഷകർ
- വിമർശനാത്മക ചിന്താഗതിയുള്ളവർ
- ശക്തമായ സിനിമാ വിപണി